ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI Book 13 | April - June 2024 | Edition 2



# പത്രാധിപക്കുറിപ്പ്

ഇന്നത്തെ സമൂഹത്തിലെ പ്രശ്നങ്ങൾ എന്തെല്ലാമാണോ അതെല്ലാം സങ്കുചിതവും പരിമിതവുമായ നമ്മളിലേയ്ക്ക് നാം നോക്കുന്നതു കൊണ്ടാണ് ഉണ്ടാകുന്നതെന്ന് പറയാനാഗ്രഹിയ്ക്കുന്നു. ഇന്ന് ഭീകരമായിട്ടുള്ളതും പാമരപണ്ഡിതദരിദ്രധനികർ എന്ന ഭേദമോ ജാതിമതഭേദമോ ഒന്നുമില്ലാതെ എല്ലാവരെയും ബാധിയ്ക്കുന്നതുമായ നമ്മുടെ മുമ്പിലുള്ള ആഗോളതാപനം , കാലാവസ്ഥയുടെ മുമ്പെങ്ങുമില്ലാത്തവിധമുള്ള വ്യതിയാനം കൂടാതെ എക്കാലത്തെയും പോലെയുള്ള സ്വസ്ഥവും സ്വൈരവുമായ ജീവിതസാഹചര്യാഭാവം എന്നിവയുടെയെല്ലാം ഒരു പരിധിവരെ കാലക്രമേണയുള്ള ശമനം വികസിതവും അപരിമിതവുമായ വ്യക്തിത്വത്തിൻെറ ഉടമയാണ് താനെന്നും അതേ വ്യക്തിത്വത്തിൻെറ ഉടമകളാണ് മറ്റുള്ളവരെന്നുമുള്ള അനുഭവജ്ഞാനത്തിലൂടെ സാധ്യമാകും. ഇതിന് പല മർഗ്ഗങ്ങളുണ്ടെങ്കിലും ശ്രീനാരായണഗുരു പറഞ്ഞ പഞ്ചശുദ്ധി ഒരു പ്രഥമസോപാനമായി കരുതാം. അവ ശരീരശുദ്ധി, ആഹാരശുദ്ധി, വാക് ശുദ്ധി, മനശ്ശുദ്ധി , കർമ്മശുദ്ധി എന്നിവയാണ്.



# ശാംഭവി
## ത്രൈമാസിക
സൌജന്യ വിതരണത്തിന്

പുസ്തകം 13 ലക്കം 02 ഏപ്രിൽ – ജൂൺ 2024



ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712

shripuramtrust@yahoo.co.in
www.shripuram.org



## എഡിറ്റോറിയൽ ബോർഡ്

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ഡോ. ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**ശ്രീപുരം ട്രസ്റ്റ്**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട


# വിഷയവിവരം


1. രേണുകാസ്തോത്രം
2

2 സംസ്കൃതപാഠം (57)
3

3. പരമാർത്ഥസാരം (25)
6

4. സ്തുതികുസുമാഞ്ജലി (17)
10

5. കുട്ടികളുടെ വാല്മീകിരാമായണം (38)
16

6. താന്ത്രികവൈഷ്ണവദർശനം
19

7. കേരളീയതന്ത്രം
21

8. ഔഷധസസ്യങ്ങൾ (44) തഗരം
32

# രേണുകാസ്തോത്രം

സമ്പാദക : അപർണ്ണാദേവി എ.

1

പാകാമൃതാംശുമകുടാഭരണാ ഭവാനീ
ശോകാപഹാ നതജനസ്യ ശുഭാഖിലാങ്ഗീ
കോകാകൃതിസ്തനഭരാ കുശലാനി നിത്യം
മൂകാംബികാ മമ തനോതു മുനീന്ദ്രവന്ദ്യാ

2

കാലാഗ്ന്യാദി ശിവാവസാനമഖിലം തേ ഗുല്ഫദഘ്നം ശിവേ
മൂർതിം കീർതയിതും ന കസ്യ രസനാ ലജ്ജാംബുധൗ മജ്ജതി
തസ്മാത് ത്വച്ചരണൈകദേശനഖരജ്യോതിസ്ഫുലിങ്ഗാ ഇവ
സ്ഫൂർജന്തി പ്രഭവിഷ്ണവശ്ച സതതം തേ പദ്മനാഭാദയഃ

3

കല്പഃ കോപി സ ശാംഭവോ വിജയതേ മാതസ്ത്വയാ കല്പിതോ
യത്രാനല്പവികല്പജാലവിമുഖഃ കശ്ചിദ്വിപശ്ചിത് പരഃ
സാ ത്വം സത്വവതാമപീഹ സുലഭാ നൈവാസി കിം സ്തൂയസേ
സ്വച്ഛന്ദം ശിശവോ യഥാ തവ പുനഃ ക്രീഡന്തി വേദാ ഇമേ

4

ലീലാചാമരധാരിണീസഹചരീഗത്യാ മഹാസിദ്ധയോ
നൂനം വഞ്ചയിതും സ്ഫുരന്തി ഭവതീകാരുണ്യശൂന്യം ജനം
അംബ ത്വന്നയനാഞ്ചലം കരുണയാ യസ്മിൻ പരിക്രീഡതേ
തസ്യ ദ്വാരി നിവാരിതോപി കുരുതേ സേവാം സുരാണാം ഗണഃ

5

ആ പാതാലതലാത് ഫണീശ്വരശിരോരത്നാംശുനീരാജിതാ-
ദാ സർവജ്ഞനികേതനാദപി ശിഖായൗതാംശുധൗതാങ്കണാത്
എകച്ഛത്രമവാപ്യ വൈഭവമഹോ ദീവ്യന്തി തേ സതതം
യേ സന്ധ്യാചലനിശ്ചലം തവ പദം ധ്യായന്തി ഗായന്തി ച

6

യേ ത്വാമംബ പലാശബില്വകുസുമൈരുല്ലാസിഭിഃ മല്ലികാ-
പുഷ്പൈർവാ വനമല്ലികാവിരചിതൈരുദ്ദാമഭിർദാമഭിഃ
മുഗ്ധോന്മീലിതമാലതീഭിരഭിതഃ സംപൂജയന്ത്യാദരാത്
തേഷാമുദ്ധൃതാസൗരഭാ പ്രതിദിനം വ്യാജൃംഭതേ ഭാരതീ

7

ത്വാം സഹ്യാചലമൗലിസുസ്ഥിതപദാം ശ്രീ ഏകവീരാംബികേ
യേ ലിമ്പന്തി സചന്ദ്രചന്ദനരസൈസ്തേഷാം സുധാസ്രാവിണീ
വാണീവിസ്മയവർണ്യമാനഗിരിശവ്യാലോലഗംഗാജല-
സ്വച്ഛന്ദോർമിപരമ്പരാവിജയിനീ വാണീ നരീനൃത്യതി

8

യേ ത്വാം ബ്രാഹ്മമുഹൂർതനിർമലധിയസ്ത്വയാധാരതശ്ചിന്തയ-
ന്ത്യൂർധ്വം മൂർധ്നി സരോരുഹേതിധവലേ പീയൂഷധാരാവൃതേ
തേ മൃത്യും സഹസാ വിജിത്യ രചയന്ത്യുച്ചൈർഗതിം നിത്യശഃ
പ്രത്യാദിഷ്ടപുരഃസുധാകരസുധാംഹംഭാവസംഭാവിതാഃ

# സംസ്കൃതപഠനം (57)

**ഡി. പ്രകാശ്**

(കഴിഞ്ഞ ലക്കം തുടർച്ച)

ദ്വേഷ്യോപി സമ്മതഃ ശിഷ്ടഃ
തസ്യാർതസ്യ യഥൗഷധം
ത്യാജ്യോ ദുഷ്ടഃ പ്രിയോപ്യാസീ-
ദങ്ഗുലീവോരഗക്ഷതാ 28

പദച്ഛേദഃ - ദ്വേഷ്യഃ അപി സമ്മതഃ ശിഷ്ടഃ തസ്യ ആർതസ്യ യഥാ ഔഷധം ത്യാജ്യഃ ദുഷ്ടഃ പ്രിയഃ അപി ആസീത് അങ്ഗുലീ ഇവ ഉരഗക്ഷതാ

## വിഭക്ത്യാദികൾ

| | |
|---|---|
| ദ്വേഷ്യഃ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| അപി | അവ്യയം |

| | |
|---|---|
| സമ്മതഃ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| ശിഷ്ടഃ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| തസ്യ | ദകാരാന്തഃ പുംല്ലിഗഃ ഷഷ്ഠീ ഏകവചനം |
| ആർതസ്യ | അകാരാന്തഃ പുംല്ലിഗഃ ഷഷ്ഠീ ഏകവചനം |
| യഥാ | അവ്യയം |
| ഔഷധം | അകാരാന്തഃ നപുംസകലിംഗഃ പ്രഥമാ ഏകവചനം |
| ത്യാജ്യഃ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| ദുഷ്ടഃ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| പ്രിയഃ | അകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| അങ്ഗുലീ | ഈകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| ഇവ | അവ്യയം |
| ഉരഗക്ഷതാ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |

## സമാസാദികാര്യങ്ങൾ

| | |
|---|---|
| ത്യാജ്യഃ | ത്യക്തും യോഗ്യഃ |
| ഉരഗക്ഷതാ | ഉരഗേണ ക്ഷതാ |
| ദ്വേഷ്യഃ | ദ്വേഷ്ടും യോഗ്യഃ |

## ധാതുപദലകാരപുരുഷവചനങ്ങൾ

ആസീത് - അസ് ധാതുഃ പരസ്മൈപദീ ലങ് പ്രഥമപുരുഷഃ ഏകവചനം

| | | |
|---|---|---|
| ആസീത് | ആസ്താം | ആസൻ |
| ആസീഃ | ആസ്തം | ആസ്ത |
| ആസം | ആസ്വ | ആസ്മ |

## പദാർത്ഥങ്ങൾ

| | |
|---|---|
| ദ്വേഷ്യഃ | ദ്വേഷ്യയ്ക്കപ്പെടേണ്ടവൻ |

| | |
|---|---|
| അപി | പോലും |
| സമ്മതഃ | സമ്മതൻ |
| ശിഷ്ടഃ | ശിഷ്ടൻ |
| തസ്യ | അദ്ദേഹത്തിന്റെ |
| ആർതസ്യ | ആർത്തന് |
| യഥാ | എപ്രകാരം |
| ഔഷധം | ഔഷധം |
| ത്യാജ്യഃ | ത്യജിയ്ക്കപ്പെടേണ്ടവൻ |
| ദുഷ്ടഃ | ദുഷ്ടൻ |
| പ്രിയഃ | പ്രിയപ്പെട്ടവൻ |
| അങ്ഗുലീ | വിരൽ |
| ഇവ | പോലെ |
| ഉരഗക്ഷതാ | ഉരഗങ്ങളാൽ ക്ഷതമേറ്റത് |

## അന്വയം / ഗദ്യക്രമം

ശിഷ്ടഃ ദ്വേഷ്യഃ അപി ആർതസ്യ ഔഷധം യഥാ (തഥാ) തസ്യ സമ്മതഃ ആസീത് . ദുഷ്ടഃ പ്രിയഃ അപി ഉരഗക്ഷതാ അങ്ഗുലീ ഇവ ( തസ്യ) ത്യാജ്യഃ (ആസീത് ).

## അന്വയാർത്ഥം

ശിഷ്ടൻ ദ്വേഷ്യപ്പെടേണ്ടവനെങ്കിലും ആർത്തന് ഔഷധം എപ്രകാരമാണോ അപ്രകാരം അദ്ദേഹത്തിന് സമ്മതനായിരുന്നു. ദുഷ്ടൻ പ്രിയനാണെങ്കിലും ഉരഗത്താൽ ക്ഷതമേല്ക്കപ്പെട്ട വിരൽ എന്നപോലെ അദ്ദേഹത്തിന് ത്യാജ്യനായിരുന്നു.

## സാരം

സജ്ജനത്തേയും ദുർജ്ജനത്തേയും ഏതുപ്രകാരമാണ് ദിലീപമഹാരാജാവ് കൈകാര്യം ചെയ്തിരുന്നതെന്ന് ഈ ശ്ലോകത്തിൽ പറയുന്നു. ഒരാളോട് നമ്മുക്ക് വെറുപ്പുണ്ടെങ്കിലും അയാൾ ഒരു സജ്ജനമാണെങ്കിൽ രോഗി ഏതുപോലെയാണോ മരുന്ന് സ്വീകരിയ്ക്കുന്നത് അതുപോലെ അദ്ദേഹത്തെ നമ്മൾ

സ്വീകരിയ്ക്കണം. എന്നാൽ ദുഷ്ടൻ നമ്മുക്ക് പ്രിയപ്പെട്ടവനെങ്കിലും സർപ്പദംശനമേറ്റ വിരലെന്നപോലെ ഉപേക്ഷിയ്ക്കണമെന്നാണ് ഈ ശ്ലോകത്തിലൂടെ പറയുന്നത്. ഇതായിരുന്നു ദിലീപമഹാരാജാവിന്റെ പെരുമാറ്റം. നമ്മുടെ പ്രിയാപ്രിയങ്ങൾക്കല്ല പ്രാധാന്യം. മറിച്ച് സദ്വിചാരാസദ്വിചാരങ്ങളെ വേർത്തിരിച്ചറിഞ്ഞ് പെരുമാറുന്നതിനാണ് പ്രാധാന്യമെന്ന് നമുക്ക് മനസ്സിലാക്കി തരുന്നു.

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (25)

**(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)**

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

ന ജ്ഞാനാഗ്നിദഗ്ധകഞ്ചുകബീജസ്യ ജ്ഞാനിനോ ന കിഞ്ചിച്ഛങ്കാസ്ഥാനം ഹേയോപാദേയം വേത്യത ആഹ.

58. **ആത്മജ്ഞോ ന കുതശ്ചന ബിഭേതി സർവ്വം ഹി തസ്യ നിജരൂപം**

**നൈവ ച ശോചതി യസ്മാത്പരമാർത്ഥേ നാശിതാ നാസ്തി**

**സാരം** - ജ്ഞാനമാകുന്ന അഗ്നിയിൽ ദഹിച്ച കഞ്ചുകങ്ങളാകുന്ന ബീജത്തോടു കൂടിയവനായ ജ്ഞാനിക്ക് എന്തിനെക്കുറിച്ചെങ്കിലും സംശയമോ ചെയ്യാവുന്നതും ചെയ്യാതിരിക്കാവുന്നതുമായ പ്രവൃത്തികളോ ഇല്ല എന്നതിനെ വിശദീകരിക്കുന്നു.

ആത്മജ്ഞാനിയായ ഒരുവൻ ഒരിക്കലും ഭയപ്പെടുന്നില്ല, കാരണം ഇക്കാണുന്ന എല്ലാം അവന്റെ തന്നെ ശരിയായ രൂപമാകുന്നു.അവനൊരിക്കലും ദുഃഖിക്കുന്നുമില്ല, കാരണം സത്യത്തിൽ ഒന്നിനും നാശം സംഭവിക്കുന്നില്ല.

**വിവൃതി** - യഃ ആത്മജ്ഞഃ സ്വാത്മമഹേശ്വരസ്വാതന്ത്ര്യവിത്സഃ ന കുതശ്ചന ബിഭേതി ന സ കസ്മാദപി രാജ്ഞഃ ശത്രോഃ പ്രാണിഭ്യോ വാ ഭയമാദത്തേ. കുത ഏതദിത്യാഹ സർവ്വം തസ്യ നിജരൂപം ഇതി യതഃ തസ്യ സ്വാത്മമഹേശ്വരാദ്വയവേദിനഃ സർവ്വം പദാർത്ഥജാതമിദം വിശ്വം നിജസ്യ സ്വാത്മനോ മഹാപ്രകാശൈകവപുഷ ഏവ രൂപം ആകാരഃ സർവ്വത്ര പ്രകാശാനുഗമാദിതി പ്രകാശ ഏവ സ്വാതന്ത്ര്യാത്സ്വപരാത്മനാ പ്രകാശതേഽത ഏവ ഭയസ്ഥാനം ലോകേ യത്കിഞ്ചിത്പ്രതിഭാതി തത്തസ്യ തഥൈവ സ്വാം

ഗകല്പമേവ കഥം ഭയജനകം സ്യാദ്യദ്വത സ്വാത്മനോ വ്യതിരിക്തഃ പദാർത്ഥോ ഭയഹേതുർഭവേത്കഃ പുനഃ സർവ്വതഃ പരിപൂർണ്ണസ്യാവധിഭ്രതോ ഭിന്നോ യമാദിരസ്തി യസ്മാജ്ഞാന്യപഹസ്തിതദേഹാത്മമാനിത്വോഽപി ബിഭിയാദിതി സർവ്വത്ര നിജരൂപോപലബ്ധേഃ സംസാരസ്ഥിതോഽപ്യേകകോ വിഗളിതസ്വപരവിഭാഗതയാ നിഃശ്ശങ്കം വിചരത്യേവ. യഥോക്തം പരമേഷ്ഠിപാദൈഃ-

യോഽവികല്പമിദമർത്ഥമണ്ഡലം പശ്യതീശ നിഖിലം ഭവദ്വപുഃ

സ്വാത്മമാത്രപരിപൂരിതേ ജഗത്യസ്യ നിത്യസുഖിനഃ കുതോ ഭയം ഇതി.

ഗ്രന്ഥകാരോഽപി-

ഏകകോഽഹമിതി സംസൃതൌ ജനസ്ത്രാസസാഹസരസേന ഖിദ്യതേ.

ഏകകോഽഹമിതി കോഽപരോസ്തി മേ ഇത്ഥമസ്മി ഗതഭീർവ്യവസ്ഥിതഃ ഇതി.

അന്യച്ച നൈവ ച ശോചതി ഇത്യാദി. നാപ്യാത്മജ്ഞഃ ശോചതി യഥാ ധനദാരാദികം മമ നഷ്ടം രിക്തോഽസ്മി വ്യാധിനാക്രാന്തോഽഹം മ്രിയേ വേത്യാദി യതോവ്യാഖ്യാതേന ക്രമേണ പരമാർത്ഥേ താത്ത്വികേ വസ്തുനി ചൈതന്യരൂപേഽന്തർമ്മുഖേ പ്രമാതൃമാത്രേ നാശിതാ ക്ഷയധർമ്മിത്ത്വം ന വിദ്യതേ. സർവ്വം ഹ്യഭിമാനസാരം കാര്യത്ത്വേന പ്രതിഭാസമാനമിദന്താവച്ഛിന്നമുത്പദ്യതേ ക്ഷീയതേ ച ന പുനഃ സംവിന്മയ സ്യാത്മനോഽഹന്താസാരസ്യാകൃത്രിമസ്യ സ്വതന്ത്രസ്യ കാര്യോന്മുഖപ്രയത്നാനുപലബ്ധേഃ. ന ചൈതാവതാ സ്വരൂപവിപ്രലോപഃ സ്യാദിതി വിമൃശതോ യോഗിനോ ദേഹസ്ഥസ്യാപി തദ്ധേതുകഃ ശോകാദ്യാവിർഭാവഃ സ്വരൂപാച്ഛാദകത്ത്വേന ന ഭവേദിതി.

**പരിഭാഷ** - ആരാണോ തന്നെത്തന്നെ അറിഞ്ഞിരിക്കുന്നത്, അതായത് തന്റെ ഉള്ളിലെ മഹേശ്വരത്ത്വത്തെയും അതിന്റെ സ്വാതന്ത്ര്യത്തെയും അറിഞ്ഞിരിക്കുന്നത്, അവൻ ആരെയും ഭയപ്പെടുന്നില്ല. എന്തു വച്ചാൽ രാജാവിൽ നിന്നോ ശത്രുക്കളിൽ നിന്നോ മറ്റു പ്രാണികളിൽ നിന്നോ അവന് ഭയമുണ്ടാകുന്നില്ല. എന്തു കൊണ്ടെന്നു പറയുന്നു. എന്തെന്നാൽ എല്ലാം തന്നെ അയാളുടെ ശരിയായ രൂപമാകുന്നു. തന്നിലെ മഹേശ്വരഭാവത്തെ അറിഞ്ഞവർ പദാർത്ഥത്തിൽ നിന്നുണ്ടായ ഈ വിശ്വം മുഴുവൻ മഹാപ്രകാശത്തിന്റെ ശരീരമായ തന്റെ തന്നെ ശരിയായ രൂപമായി മനസ്സിലാക്കുന്നു. എല്ലായിടത്തും പ്രകാശം ഉണ്ടാകുക കൊണ്ട് അതുതന്നെയാണ് സ്വതന്ത്രത കൊണ്ട് അകത്തും പുറത്തുമായി പ്രകാശിക്കുന്നത്, അതിനാൽ ഈ ലോകത്തിൽ എന്തൊക്കെ ഭയപ്പെടത്തക്കതായുണ്ടോ അതെല്ലാം ആ പരമമായതിന്റെ അംഗം തന്നെ ആയതിനാൽ എന്തിനാണ് ഭയം? തന്നിൽ നിന്നും ഭിന്നമായ

ഒന്നാണ് ഭയത്തിന് കാരണമാകുന്നത്, എല്ലായിടത്തും പരിപൂർണ്ണനായ മഹേശ്വരനിൽ നിന്നും വ്യതിരിക്തമായി യമൻ തുടങ്ങിയവർ ഉണ്ടെങ്കിലല്ലേ ഈ ദേഹം നഷ്ടപ്പെടുമോ അതിലൂടെ ഞാൻ എന്ന അഭിമാനം ഇല്ലാതാകുമോ എന്നു ഭയപ്പെടേണ്ടതുള്ളൂ. അതിനാൽ എല്ലായിടത്തും താൻ തന്നെയാണ് ഉള്ളത് എന്ന ബോധം ഉണ്ടായാൽ സംസാരത്തിൽ നിലനില്ക്കുന്നതായ ഏകാകിയാണ് ഞാൻ എന്ന ബോധമുണ്ടെങ്കിലും താൻ, മറ്റുള്ളവർ എന്നുള്ള അവസ്ഥ വിട്ടു പോയതാകയാൽ ജ്ഞാനി ഭയം കൂടാതെ ഈ ലോകത്തു സഞ്ചരിക്കുന്നു. പരമേഷ്ഠിപാദനായ ആചാര്യൻ (ശ്രീമദുത്പലദേവൻ) പറഞ്ഞിരിക്കുന്നു. [1]

ആരാണോ രണ്ട് എന്നില്ലാത്ത ഈ സമ്പൂർണ്ണ പ്രപഞ്ചത്തെയും അവിടുത്തെ ശരീരമായി കാണുന്നത് നിത്യസുഖിയായവനായ അവനെ സംബന്ധിച്ച് തന്നെക്കൊണ്ടു മാത്രം നിറഞ്ഞിരിക്കുന്ന ഈ ലോകത്ത് എന്തിനെ ഭയപ്പെടാനാണ്? ( ശിവസ്തോത്രാവലി).

ഗ്രന്ഥകാരനും (ശ്രീമദഭിനവഗുപ്തപാദർ) ഇപ്രകാരം പറയുന്നു.

ഞാൻ ഏകനാണ് എന്ന ബോധമുള്ളവൻ ഭയപ്പെട്ടവനായി ഈ സംസാരത്തിൽ പല സാഹസങ്ങളെയും ചെയ്തു ദുഃഖിക്കുന്നു. ഞാൻ ഏകനാണ് ഞാനല്ലാതെ വേറെ യാതൊന്നുമില്ല എന്ന ബോധമുള്ളവൻ ഭയം ഇല്ലാത്തവനായി മാറുന്നു.

അവന് ശോകമുണ്ടാവുന്നില്ല, തന്നെ അറിഞ്ഞവൻ എന്റെ ധനം പതി എന്നിവ നഷ്ടപ്പെട്ടു, അഥവാ ഞാൻ ഒന്നുമില്ലാത്തവനാണ് രോഗം കൊണ്ട് പീഡിതനാണ് മരിക്കുന്നവനാണ് തുടങ്ങിയ കാരണങ്ങളാൽ ദുഃഖിക്കുന്നില്ല. മുൻപു വിശദീകരിച്ച പോലെ പരമാർത്ഥമായ താത്ത്വികവസ്തുവിൽ ചൈതന്യരൂപം അന്തർമ്മുഖമായിരിക്ക കൊണ്ട് (ആ പരമമായ ചൈതന്യമാണ് എല്ലാ പ്രമാതാക്കളിലും ഉള്ളത് എന്നതു കൊണ്ട്) ഒരു പ്രമാതാവിലും വിനാശം എന്ന ധർമ്മമില്ല. അഭിമാനത്തോടു കൂടിയ എല്ലാം തന്നെ കാര്യം ആയതും ഇദന്താ ഭാവത്തോടു കൂടിയതും (പ്രപഞ്ചത്തിലെ വസ്തുക്കൾ) ആയവ ഉണ്ടായി ഇല്ലാതാകുന്നു, എന്നാൽ സംവിന്മയമായതും കൃത്രിമമല്ലാത്തതും ആ അഹന്താസാരത്തിന് കാര്യോന്മുഖമായ പ്രവർത്തനമില്ല. (അതു കൊണ്ടു തന്നെ അത് ഉണ്ടായി ഇല്ലാതാകുന്നില്ല) ആ പരമമായ ആത്മാവിന് ക്ഷതിയും ഉണ്ടാകുന്നില്ല. ഇപ്രകാരം വിചാരം ചെയ്യുന്ന യോഗികൾ ശരീരത്തിൽ സ്ഥിതിചെയ്യുന്നതായാലും അതു കാരണം ഉണ്ടാകുന്ന ശോകം തന്റെ യഥാർത്ഥ ബോധത്തെ മറക്കുന്നതാകുന്നില്ല.

1. ഗുരുവിന്റെ ഗുരുവിന്റെ ഗുരുവാണ് പരമേഷ്ഠിഗുരു.

നാപി സ്വാത്മമഹേശ്വരസ്വരൂപപരിശീലനദാർഢ്യാദസ്യ ജ്ഞാനിനശ്ചേതസ്യ പൂർണ്ണത്ത്വാദിദോഷഃ സ്യാദിതി പ്രതിപാദയതി.

**59. അതിഗൂഢഹൃദയഗഞ്ചപ്രരൂഢപരമാർത്ഥരത്നസഞ്ചയതഃ**

**അഹമേവേതി മഹേശ്വരഭാവേ കാ ദുർഗ്ഗതിഃ കസ്യ**

**സാരം** - സ്വാത്മമഹേശ്വരസ്വരൂപത്തിന്റെ പരിശീലനം കൊണ്ട് ദൃഢമായ ജ്ഞാനിയുടെ ചേതനക്ക് അപൂർണ്ണത തുടങ്ങിയ ദോഷങ്ങൾ ഉണ്ടാകുന്നില്ല എന്നതു പറയുന്നു.

ഹൃദയത്തിൽ അതിഗൂഢമായി രൂഢമായിരിക്കുന്ന പരമാർത്ഥബോധമാകുന്ന രത്നസഞ്ചയത്തിൽ നിന്നും ഉണ്ടാകുന്ന ഞാൻ തന്നെയാണ് എല്ലാമെന്ന മഹേശ്വരഭാവമുണ്ടായാൽ ആർക്കാണ് ദുർഗ്ഗതി ഉണ്ടാകുക?

**വിവൃതി** - അതിഗൂഢം അതിശയേന ഗുപ്തം ഹൃദയമേവ ഗഞ്ചം സർവ്വപരമാർത്ഥസ്വസ്വരൂപവിശ്രാന്തിസ്ഥാനസ്വഭാവം ഭാണ്ഡാഗാരം തത്ര യോഽതി തീവ്രതമസമാശ്വാസപ്രരൂഢഃ പരമാർത്ഥഃ സദ്ഗുരൂപദിഷ്ടഃ സ്വാത്മജ്ഞാനസതത്വഃ സ ഏവ സർവ്വവിഭൂതിഹേതുത്ത്വാദ്രത്നസഞ്ചയ ഇവ രത്നസഞ്ചയഃ തേന ഹേതുനാ അഹമേവേതി സർവ്വമിദമസ്മീതി യ ആവിർഭൂതഃ പൂർണ്ണഃ പരാഹന്താവിശ്രാന്തിലക്ഷണഃ മഹേശ്വരഭാവഃ ശരീരിണോഽപി സ്വാത്മപ്രകാശസ്വാതന്ത്ര്യം തസ്മിൻ സ്ഥിതേ സതി കാ നാമ വരാകീ ദുർഗ്ഗതിഃ ദരിദ്രഭാവസ്തദുപലക്ഷിതോ വാ കശ്ചിത്കൃത്രിമോ വിഭൂത്യാദ്യതിശയഃ സ്യാത്. ആഭാസസാരാ ഹി സർവ്വേ പദാർത്ഥാഃ യദൈവാഭാസന്തേ തദൈവ യോഗിനഃ സ്വാത്മകല്പാഃ സന്തഃ കഥമുത്കർഷാപകർഷാദൌ പ്രഗല്ഭന്ത ഇതി ന കിഞ്ചിദ്ദൌർഗ്ഗത്യാദികം ഭവേത്. കസ്യ വേതി കോ വാസ്യാഃ ദുർഗ്ഗതേഃ സമാശ്രയോ ദേഹാദ്യാത്മാഭിമാനിനോ ഹ്യസ്യാ ദുർഗ്ഗതേഃ സമാശ്രയാഭവന്തു യതസ്തേ വ്യതിരിക്തസ്യൈഷണീയസ്യ പ്രാപ്തേശ്വരാസ്തദപഹാരാദ്രിക്താ ഇതി. യഃ പുനരകൃത്രിമാഹന്താപ്രത്യവമർശപരമാർത്ഥോ ജ്ഞാനീ സർവ്വമസ്മീത്യവ്യതിരിക്തേനൈഷണീയേന മഹേശ്വരഃ സ കഥം വ്യതിരിക്തപ്രാപ്ത്യപ്രാപ്ത്യഭാവാദ്ദൌർഗ്ഗത്യാദേർഭാജനം സ്യാദത ഏവ ഗഞ്ചശബ്ദസ്യ രത്നസഞ്ചയശബ്ദസ്യേശ്വരശബ്ദസ്യ ച ഹൃദയപ്രരൂഢപരമാർത്ഥോ മഹാനിത്യകൃത്രിമാർത്ഥവാചകാനി വിശേഷണാന്യുപപാദിതാനി.

**പരിഭാഷ** - അതിഗൂഢം എന്നു വച്ചാൽ അത്യന്തം രഹസ്യമായത് എന്നർത്ഥം. ഹൃദയത്തിലെ ഗഞ്ചം എന്നാൽ എല്ലാത്തിന്റെയും പരമാർത്ഥരൂപമാകുന്ന സ്വസ്വരൂപത്തിന്റെ വിശ്രാന്തിസ്ഥാനമാകുന്ന ഭണ്ഡാരം.അതിൽ അത്യന്തം തീവ്രമായി രൂഢമായിരിക്കുന്ന പരമാർത്ഥം. [പരമാർത്ഥമെന്നാൽ] സദ്ഗുരുവിനാൽ ഉപദിഷ്ടമായ തന്റെ തന്നെ ജ്ഞാനം. അതു തന്നെയാണ് ഉണ്ടായ എല്ലാത്തിന്റെയും കാരണമായി രത്നസഞ്ചയമായിരിക്കുന്നത്. ആ

ജ്ഞാനം കാരണം ഞാൻ തന്നെയാണ് ഈ കാണുന്നതൊക്കെയെന്നുള്ള , മഹത്തായ അഹങ്കാരത്തിൽ മഹേശ്വരഭാവത്തോടുകൂടി നിലനിൽക്കുന്നു. അതിൽ നില നില്ക്കുമ്പോൾ എന്തു ദുർഗ്ഗതി അല്ലെങ്കിൽ ദാരിദ്ര്യം അല്ലെങ്കിൽ അതു പോലുള്ള വേറെ എന്തു വിഭൂതിവിശേഷമാണുള്ളത്? ആഭാസമാകുന്നതാണ് (ഉണ്ടെന്ന പോലെ തോന്നിക്കുന്നതാണ്) എല്ലാ പദാർത്ഥങ്ങളും. തന്റെ യഥാർത്ഥസ്വരൂപത്തെ അറിഞ്ഞ യോഗികൾക്ക് താൻ ഉയർന്നവനാണ് അഥവാ താഴ്ന്നവനാണ് എന്ന ബോധവും അതിൽ നിന്നുണ്ടാകുന്ന ദുർഗ്ഗതിയും ഉണ്ടാകില്ല. ആർക്കാണ് ഈ ദുർഗ്ഗതി ശരിക്കും ഉണ്ടാകുക എന്നു ചോദിച്ചാൽ, ശരീരത്തിൽ താനെന്ന ബോധം വച്ചു പുലർത്തുന്നവർക്ക്, കാരണമെന്തിന്നാൽ അവർ തങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കുന്ന ഒന്നിനെ തേടുകയും അതു കിട്ടിയാൽ സന്തോഷിക്കുകയും കിട്ടിയില്ലെങ്കിൽ ഒന്നുമില്ലാത്തവനാണ് താനെന്നവിചാരത്താൽ ദുഃഖിക്കുകയും ചെയ്യുന്നു. ആരാണോ കൃത്രിമമല്ലാത്ത അഹന്തയെ വിചാരം ചെയ്ത് ആ അവസ്ഥയെ മനസ്സിലാക്കി എല്ലാം ഞാൻ തന്നെയാണ് എന്ന നിലയിൽ എത്തുകയും അതു മൂലം മഹേശ്വരനാകുകയും ചെയ്യുന്നത്, അയാൾ പിന്നീട് എങ്ങനെയാണ് തന്നിൽ നിന്നും വ്യതിരിക്തമായതിനെ പ്രാപിക്കുകയോ പ്രാപിക്കാതിരിക്കുകയോ ചെയ്യുക? അങ്ങനെ അതിൽ നിന്നും സുഖമോ ദുഃഖമോ അനുഭവിക്കുക? അതിനാൽ കാരികയിലെ ഗഞ്ചം രത്നസഞ്ചയം ഈശ്വരൻ എന്നീ ശബ്ദങ്ങൾക്ക് യഥാക്രമം ഹൃദയം, ശുദ്ധപരമാർത്ഥം, മഹത്തായ അകൃത്രിമം എന്നീ വിശേഷണങ്ങളെ പറഞ്ഞിരിക്കുന്നു.

**ശ്രീ ജഗദ്ധരഭട്ട വിരചിതം**

# സ്തുതികുസുമാഞ്ജലി (17)

**ഡോ. മുരളീകൃഷ്ണൻ എം.വി.**

(കഴിഞ്ഞ ലക്കം തുടർച്ച)

സ്തുതി- 6

**ശ്വേതസ്യ കണ്ഠപുളിനാത്സമവർത്തിപാശ-**

**പ്രോത്സാരണം നയനനിർഹരണം ഭഗസ്യ**

**ദുഗ്ധാബ്ധിദാനമുപമന്യുമുനേഃ ക്രിയാത്സു**

**ദക്ഷസ്യ വിഘ്നകരണം മഖദീക്ഷിതസ്യ**

**അർത്ഥം** - പ്രഭു ഏതൊരു സ്വാതന്ത്ര്യത്താലാണോ യമരാജനോടുള്ള ഭയത്താൽ തന്റെ ശിവലിംഗത്തിൽ ആലിംഗനം ചെയ്ത രാജാവായ ശ്വേതക

ന്റെ കണ്ഠത്തിൽ ചുറ്റിയ യമരാജന്റെ ഭയങ്കരമായ നാഗപാശത്തെ വലിച്ചെറിഞ്ഞത്, ഭഗന്റെ നേത്രങ്ങളെ എപ്രകാരമാണോ പൊട്ടിച്ചു കളഞ്ഞത്, സ്വന്തം ഭക്തനായ ബാലകമുനിയായ ഉപമന്യുവിനെ പാൽക്കടലിലേക്ക് എറിഞ്ഞത്, അപ്രകാരം യജ്ഞത്തിൽ ദീക്ഷിതനായ ദക്ഷപ്രജാപതിയുടെ യജ്ഞത്തെ മുടക്കിയത്, ആ ഭഗവാൻ ശങ്കരന്റെ സ്വതന്ത്രതാ സർവസമർഥമാണ്.

സ്തുതി- 7

**ശൂലാധിരോഹണപരാഭവമന്ധകസ്യ**

**പൂഷ്ണോ ഹനുഗ്രഹമനുഗ്രഹമർജ്ജുനസ്യ**

**നന്ദീശ്വരസ്യ രവിജാദഭയം ഭുജങ്ഗ-**

**ഭങ്ഗ്യാഭിമാനമഥനം മുനിമാനിനീനാം**

**അർത്ഥം** - ഏതൊരു സ്വാതന്ത്ര്യത്താലാണോ അന്ധകാസുരനെ ശൂലത്തിൽ തറച്ച് വധിച്ചത്, സൂര്യന്റെ വായ അടപ്പിച്ചത്, അപ്രകാരം അർജ്ജുനന് ധനുസ്സ് നൽകി അനുഗ്രഹിച്ചത്, സ്വന്തം ഗണാധിപനായ നന്ദികേശ്വരനെ യമരാജനിൽ നിന്ന് രക്ഷിച്ചത്, അതുപോലെ കാമുകരൂപത്തിൽ വന്ന് മുനി സ്ത്രീകളുടെ അഭിമാനത്തെ മഥിച്ചത്, ആ ശങ്കരന്റെ സ്വാതന്ത്ര്യം ജയിക്കട്ടെ.

സ്തുതി- 8

**കിം വാപരം ദ്രുഹിണകൃഷ്ണഹരത്വമേത്യ**

**സർഗസ്ഥിതിപ്രശമനാനി ജഗത്രയസ്യ**

**ക്രീഡന്നിവ വ്യധിത യേന നിരങ്കുശം തത്**

**സ്വാതന്ത്ര്യമപ്രതിഹതം ജയതീശ്വരസ്യ**

**അർത്ഥം** - കൂടുതലായി എന്താണ് പറയേണ്ടത്, ഏതൊരു പ്രഭുത്വം കൊണ്ടാണോ കളിച്ചുകൊണ്ടിരുന്ന ഭഗവാൻ സദാശിവൻ ഇച്ഛാമാത്രയിൽ തന്നെ ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ എന്നീ രൂപങ്ങളെ ധരിച്ച് ത്രിലോകങ്ങളുടേയും സൃഷ്ടി, സ്ഥിതി, പ്രളയം എന്നിവകളെ ചെയ്യുന്നത്, ആ ഈശ്വരന്റെ സർവസ്വതന്ത്രവും തടുക്കാൻ കഴിയാത്തതുമായ സ്വാതന്ത്ര്യം ജയിക്കട്ടെ.

സ്തുതി- 9

**യസ്യാതിഘോരഗരളാദപി കണ്ഠപീഠാ-**

**ത്സഞ്ജീവനൗഷധമുദേതി വചോ നതാനാം**

**യസ്യ ജ്വലദ്ഘനകൃശാനുശിഖോൽബണാപി**

**വർഷത്യമോഘമമൃതദ്രവമേവ ദൃഷ്ടിഃ**

**അർത്ഥം** - ആ പ്രഭുവിന്റെ അത്യന്തം ഘോരമായ കണ്ഠപ്രദേശത്തുനിന്നും ഭക്തർക്ക് ജീവൻ പ്രദാനം ചെയ്യുന്ന സഞ്ജീവനി ഔഷധിക്കു സമാനമായ വാക്കുകൾ ഉത്ഭവിക്കുന്നു, അതുപോലെ അദ്ദേഹത്തിൽ നിന്നും പ്രവഹിക്കുന്ന അഗ്നിജ്വാലകളാൽ തീക്ഷ്ണമായ മൂന്നാം കണ്ണിൽ നിന്നുള്ള ദൃഷ്ടി ശരണാഗതർക്കുമേൽ അമൃതവർഷത്തെ ചെയ്യുന്നു. (ആ ശരണാഗതപാലകനും കരുണാസാഗരിയുമായ പ്രഭു എനിക്ക് ശരണത്തെ നൽകുന്നു. അദ്ദേഹത്തിന്റെ ദാരുണമായ വിഷത്താൽ നിറഞ്ഞ കണ്ഠത്തിൽ നിന്നും വരുന്ന വാക്കുകൾ ഭക്തർക്ക് ജീവൻ പ്രദാനം ചെയ്യുന്നു, അതുപോലെ അഗ്നിജ്വാലകളാൽ ഉഗ്രമായ ദൃഷ്ടികൊണ്ട് അമൃതപ്രവാഹത്തെ ഭക്തർക്ക് പ്രദാനം ചെയ്യുന്നത് എത്ര ആശ്ചര്യജനകമാണ്.)

**സ്തുതി- 10**

**ദംഷ്ട്രാകരാളമപി ഘോരമഘോരവക്ത്രം**

**യസ്യ പ്രപന്നഭയഭഞ്ജനഭങ്ഗിമേതി**

**യസ്യാങ്ഗഭസ്മകണികാശ്ചരണാശ്രിതേഷു**

**കർപൂരധൂളിപടലശ്രിയമാശ്രയന്തി**

**അർത്ഥം** - ആ പ്രഭു ഭയപ്പെടുത്തുന്ന പല്ലുകളോടു കൂടി ഘോരമായതും അഘോരനാകുന്ന മുഖത്തോടു കൂടിയതുമാണ്, അതുപോലെ ആ ഈശ്വരന്റെ ശരീരത്തിലുള്ള ഭസ്മകണം ചരണാശ്രിതരായ സേവകർക്ക് കർപൂരത്തിന്റെ പുകപടലങ്ങൾക്ക് സമാനമായി വെളുത്തതും ദിവ്യമായ ഐശ്വര്യത്തെ പ്രദാനം ചെയ്യുന്നു. (ആ ദയാലുവായ പ്രഭുവിനെ ഞാൻ ശരണം പ്രാപിക്കുന്നു.)

**സ്തുതി- 11**

**യസ്യാപി കൃഷ്ണഭുജഗാ ഭുജഗാ ഭജന്ത-**

**മിന്ദീവരസ്രജ ഇവ പ്രവിനന്ദയന്തി**

**കിം ചാങ്ഗസങ്ഗിമരുദീരിതമേതി യസ്യ**

**മുണ്ഡം നമത്സ്വമലമങ്ഗളകംബുശോഭാം**

**അർത്ഥം** - ആരുടെ കൈകളിൽ ചുറ്റിയിരിക്കുന്ന കറുത്ത സർപ്പമാണോ ഭക്തർക്ക് നീലത്താമരയുടെ മാലക്ക് സമാനമായി ആനന്ദത്തെ പ്രദാനം ചെയ്യുന്നത്, അതുപോതെ അധികമായത് എന്തെന്നാൽ ആരുടെയാണോ ശരീരത്തിൽ വിരാജിക്കുന്ന കപാലമാണോ വായുവിനാൽ നിറഞ്ഞ് ഭക്തജനങ്ങൾക്ക് അതീവ നിർമലമായ മംഗളകാരിയായ ശംഖിനു സമാനമായി പരമമായ മംഗളത്തെ പ്രദാനം ചെയ്യുന്നത്, ആ ശരണാഗതനായ ശങ്കരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 12

**യസ്യേഭചർമ ഘനശോണിതപങ്കലിപ്ത-**

**മങ്ഗേഷു മങ്ഗളദുകൂലവിലാസമേതി**

**യസ്യാപി താപവിധുരേഷു കരേ കപാല-**

**മാലംബതേമൃതകമണ്ഡലുഖണ്ഡലീലാം**

**അർത്ഥം** - അത്യന്തം കഠിനരക്തത്തോട്ടു കൂടിയ ഗജചർമം ആ ഭഗവാന്റെ ദിവ്യമായ മംഗളമയമായ ശരീരത്തിൽ അതിമനോഹരമായി മംഗളകാരിയായി ഉത്തരീയ വസ്ത്രത്തിനു സമാനമായി വർത്തിക്കുന്നു, അതുപോലെ ആ പ്രഭുവിന്റെ കൈകളിൽ വിരാജിക്കുന്ന കപാലം പോലും സങ്കടങ്ങളാൽ നിറഞ്ഞ ജീവജാലങ്ങൾക്ക് അമൃതപൂർണമായ കമണ്ഡലുവിന് സമാനമായി നിലകൊള്ളുന്നു, ആ ശരണാഗതനായ പ്രഭുവിനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 13

**യത്പാദപാംസുപരിമർശശുചി ശ്മശാനം**

**ശ്രീശൈലനൈമിഷമുഖാന്യധരീകരോതി**

**യത്സംസ്ഥവാദവികലം കുശലം കപാല-**

**പാലീ കരോതി കൃതിനാം കമലാവലീവ**

**അർത്ഥം** - ആരുടെ ചരണാരവിന്ദത്തിലെ പൊടിയുടെ സ്പർശമാണോ അതിപവിത്രമായ ആ ശ്മശാനത്തേയും ശ്രീശൈലത്തേയും നൈമിഷാരണ്യത്തിലെ തീർത്ഥത്തെപ്പോലും തിരസ്കൃതമാക്കുന്നത്, അതുപോലെ ആരുടെ സ്പർശം കൊണ്ടാണോ മുണ്ഡമാല (കപാലമാല) പോലും ഭാഗ്യവാന്മാരായ ജനങ്ങൾക്ക് സുമനോഹരമായ താമരമാലയ്ക്കു സമാനമായി അഖണ്ഡമായ സുഖത്തെ നൽകുന്നത്, ആ ശരണാഗതവല്ലഭനായ പ്രഭുവിനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 14

**യം ദേവമസ്തശിരസം സുരഭർതുരങ്കേ**

**ലങ്കേശവൈരികരവീജിതതാളവൃന്തം**

**ആസീനസുപ്തസുഖിതം ശതരുദ്രിയാദി-**

**മന്ത്രൈഃ സ്വരേണ മധുരേണ ഗൃണാതി വേധാഃ**

**അർത്ഥം** - ത്രിലോകരക്ഷക്കായിക്കൊണ്ട് ത്രിപുരാസുരൻ, അന്ധകാസുരൻ ഇത്യാദി ദുഷ്ടന്മാരായ അസുരന്മാരെ നിഗ്രഹിച്ചതിനു ശേഷം മഹേശ്വ

രൻ സ്വന്തം ശിരസ്സ് ഇന്ദ്രന്റെ മടിയിൽ വച്ച് സുഖനിദ്രയിലേർപ്പെട്ടു. ആ സമയം മഹേശ്വരന്റെ സുഖകരമായ നിദ്രക്കു വേണ്ടി ഭഗവാൻ വിഷ്ണു തന്റെ കൈയ്യിലുള്ള താമര വിശറിയാക്കി വീശിക്കൊണ്ടിരുന്നു. അതുപോലെ ബ്ര ഹ്മാവ് ശതരുദ്രിയം തുടങ്ങിയ വൈദിക മന്ത്രങ്ങൾ സുമധുരസ്വരത്താൽ സ്തു തിച്ചുകൊണ്ടിരുന്നു. ആ ഭഗവാൻ ശങ്കരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 15

**ഹേലാവലീഢഭുവനത്രിതയേന യേന**

**ഗീർണാഃ പുരന്ദരമുകുന്ദരവീന്ദവോപി**

**യസ്യ ജ്വലദ്വിപുലഭാലവിലോചനാഗ്നി-**

**ജ്വാലാവലീശലഭതാമഗമത്സ കാലഃ**

**അർത്ഥം** - മൂന്നു ലോകങ്ങളേയും കേവലം തമാശയായി കണ്ടുകൊണ്ട് കൈപ്പിടിയിൽ ഒതുക്കിയിരിക്കുന്ന ആ കാലം, അനേകമായ ഇന്ദ്രൻ, വിഷ്ണു, സൂര്യൻ, ചന്ദ്രൻ എന്നിവരെ വിഴുങ്ങിയിരിക്കുന്നു. ആ കാലം പോലും സദാശി വന്റെ വിശാലമായ തലമുടിയിൽ ജാജ്വല്യമാനായി നേത്രാഗ്നിയുടെ പ്രചണ്ഡ ജ്വാലയിൽ പട്ടം എന്ന പോലെ സ്ഥിതിചെയ്യുന്നു. ആ പരമേശ്വരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 16

**ശ്വേതം വിധോരുദയഹേതുമവേത്യ പക്ഷം**

**കാലം ച യഃ ക്ഷയകരം ദൃശമാശ്രിതസ്യ**

**ശ്വേതം ദയാവിശദയാശു ദൃശാനുഗൃഹ്യ**

**കാലം ദൃശൈവ നയതി സ്മ ശമം വിപക്ഷം**

**അർത്ഥം** - ആരാണോ ശരണാഗതവത്സലൻ എന്ന പോലെ ശുക്ലപ ക്ഷത്തിന് തന്റെ ഇടതു കണ്ണിൽ ആശ്രയിച്ചിരിക്കുന്ന ചന്ദ്രന് ഉദയം കൊടു ത്തതും, കൃഷ്ണപക്ഷത്തിന് അതിന്റെ ക്ഷയത്തിനുള്ള കാരണത്തെ മനസ്സിലാ ക്കിക്കൊടുത്തതും, ശ്വേത രാജാവിന് തന്റെ ദയാപൂർണമായ നോട്ടം കൊണ്ട് അനുഗ്രഹം കൊടുത്തതും, യമരാജനെ ദൃഷ്ടി കൊണ്ട് ഭസ്മമാക്കിയവനുമായ ആ വിഭുവിനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 17

**ചക്രീ മുഖാഗ്രവിലസജ്ജ്വലനോഗ്രജിഹ്വാ-**

**ലാഢാംബരഃ ക്ഷിതിധരേന്ദ്രധനുർധരസ്യ**

**യസ്യാഗമന്നിധനസാധനതാം പുരാണാം**

**ബാണീകൃതശ്ച രണമൂർധ്നി ഗുണീകൃതശ്ച**

**അർത്ഥം** - ആരാണോ സംഗ്രാമമധ്യത്തിൽ മന്ദരാചല പർവതരൂപി യായ ധനുസ്സിനെ ധരിച്ചുകൊണ്ട് ബാണത്തിന്റെ അഗ്രത്തിൽ പ്രകടമായ അഗ്നിയുടെ ശക്തമായ ജ്വാലയാൽ സംപൂർണമായി ആകാശമണ്ഡലത്തിൽ വ്യാപ്തമായ സുദർശനചക്രധാരിയായ വിഷ്ണുവിന്റെ ബാണത്തെ ഉണ്ടാക്കിയ വനും, മുഖാഗ്രത്തിങ്കൽ അഗ്നിക്കു സമാനമായി കത്തിയുയരുന്ന മഹാവിഷ ത്താൽ നിറഞ്ഞ ശക്തമായ നാക്കുകൊണ്ട് യുദ്ധരൂപവസ്തുങ്ങളെ ഭസ്മമാ ക്കിയ വാസുകിയെ ധനുസ്സിന്റെ ഞാണായി വച്ച് ത്രിപുരാസുരനെ സംഹരിച്ച ആ സർവസ്വതന്ത്രനായ ഭഗവാൻ സദാശിവനിൽ ഞാൻ ശരണം പ്രാപിക്കു ന്നു.

സ്തുതി- 18

**ചക്രായുധം വിശിഖതാമുഡുചക്രവർത്തി-**

**ചക്രാഭിധാനസുഹൃദൗ രഥചക്രഭാവം**

**നീത്വാസൃജത്ത്രിദശധാമ്നി രസാതലേ ച**

**യോ ഹർഷശോകമയമശ്രു പുരാങ്ഗനാനാം**

**അർത്ഥം** - ഏതൊരു പ്രഭുവാണോ ത്രിപുരാസുരനോടുള്ള യുദ്ധത്തിൽ ഭഗവാൻ വിഷ്ണുവിന് ബാണവും, അതുപോലെ ചന്ദ്രന്റേയും സൂര്യന്റേയും രഥ ത്തിലെ രണ്ട് ചക്രങ്ങളെ ഉണ്ടാക്കി സ്വർഗത്തിലേയും അതുപോലെ പാതാള ത്തിലേയും പൗരാംഗനകളുടെ കണ്ണിൽ സന്തോഷത്താൽ ഉണ്ടാകുന്ന കണ്ണു നീരും, ശോകത്താൽ ഉണ്ടായ കണ്ണുനീരും ഉണ്ടാക്കിയത്, അർത്ഥമാക്കുന്നത്, ത്രിപുരാസുരനെ കൊന്ന് സ്വർഗത്തിലെ സ്ത്രീകളുടെ കണ്ണിൽ സന്തോഷാശ്രു ക്കളും, പാതാളത്തിൽ അസുരസ്ത്രീകളുടെ കണ്ണിൽ വിയോഗത്താൽ ഉണ്ടായ ശോകാശ്രുവിനേയും ഉണ്ടാക്കിയത്, ആ പരമേശ്വരനെ ഞാൻ ശരണം പ്രാ പിക്കുന്നു.

സ്തുതി- 19

**ആരൂഢരീഢമപി യേന സമർപിതേന**

**പ്രീതിം രതിം ഹൃദി വിസ്മരതി സ്മ കാമഃ**

**തം ദൃഷ്ടിപാതമധിഗമ്യ ബിഭർതി യസ്യ**

**പ്രീതിം രതിം ച ഹൃദി കോ ന സുസിദ്ധകാമഃ**

**അർത്ഥം** - അപമാനപൂർവകമായിട്ടും ഹൃദയത്തിൽ സമർപ്പിതമായ ആരുടെ ദൃഷ്ടിപാതം കൊണ്ടാണോ കാമദേവൻ സ്വന്തം ഭാര്യമാരായ പ്രീതി യേയും രതിയേയും മറന്നുപോയത്, പ്രഭുവിന്റെ ആ ദൃഷ്ടിപാതത്തെ

പ്രാപ്തമാക്കുവാൻ പരിപൂർണമായ ആഗ്രഹമുള്ള ഏതൊരു ഭക്തജനമാണ് തന്റെ ഹൃദയത്തിൽ പ്രീതി (ആനന്ദം) യേയും രതി (സുഖം) യേയും ധരിച്ചിരിക്കാത്തത്. അർത്ഥമാക്കുന്നത് ഏതൊരുപ്രഭുവിന്റെദൃഷ്ടിപാതംകൊണ്ടാണോ എല്ലാവരുടേയും ഹൃദയത്തിൽ പരമമായ ആനന്ദത്തെ പ്രാപ്തമാകുന്നത്, ആ കരുണാസിന്ധുവിനെ ഞാൻ ആശ്രയിക്കുന്നു.

സ്തുതി- 20

**കൃഷ്ണോപദർശിതപഥഃ പൃഥുലോഷ്മഭീഷ്മ-**

**ശ്ലാഘ്യം ദധദ്വപുരുപാത്തവനാന്തവാസഃ**

**വ്യാധാകൃതേരപി ധനഞ്ജയ ഏവ യസ്യ**

**ദൃഗ്ഗോചരേ കൃതപദോ മഹസാ ദിദീപേ**

**അർത്ഥം** - ധൂമമാർഗത്തിൽ ചരിക്കുന്നവനും (കൃഷ്ണവർത്മാ), അതിശയമായ ഉഷ്ണത്താൽ ഭയാനകമായതും സുമനോഹരമായ സ്വരൂപത്തെ ധരിച്ചുകൊണ്ടും, അതുപോലെ മന്ദാകിനിയുടെ ജല സമീപത്ത് വസിച്ചുകൊണ്ടിരിക്കുന്ന അഗ്നി ഏത് പ്രഭുവിന്റെ മൂന്നാം കണ്ണിനേയാണോ ശരണം പ്രാപിച്ച് അത്യന്തം തേജസ്സോടുകൂടി പ്രദീപ്തമായത്, ആ ശരണാഗതവത്സലനായ ശിവനിൽ ഞാൻ ശരണം പ്രാപിക്കുന്നു.

അല്ലെങ്കിൽ- ആരുടെ പ്രസന്നതകൊണ്ടാണോ യുദ്ധത്തിൽ ജയദ്രഥാദികൾക്കുമേൽ വിജയത്തെ പ്രാപ്യമാക്കുന്നതിനുവേണ്ടി ഭഗവാൻ ശ്രീകൃഷ്ണനിൽ നിന്നും ഉപദേശത്തെ വാങ്ങിച്ച് അതീവ ബലമുള്ള ശ്ലാഘ്യമായ ശരീരത്തെ പ്രാപ്തമാക്കിയത്, അതുപോലെ വനത്തിൽ വസിക്കുന്ന ധന്യാത്മനായ അർജ്ജുനൻ ആ കാട്ടാള വേഷധാരിയായ ശങ്കരന്റെ കൃപാദൃഷ്ടിയെ പ്രാപ്തമാക്കി പാണ്ഡവരിൽ മഹായശസ്വിസും ബലവാനും ആയിത്തീർന്നത്, ആ പ്രഭുവിനെ ഞാൻ ശരണം പ്രാപിക്കുന്നു.(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം 38



**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

**(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)**

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയശാംഭവി കൂട്ടുകാരേ

അടുത്തതായി നമ്മൾ പ്രവേശിയ്ക്കുന്നത് വാത്മീകി, രാമായണത്തിലെ

പ്രാധാന്യമേറിയ കിഷ്കിന്ധാകാണ്ഡത്തിലേയ്ക്കാണ്. ഭാരതീയസംസ്കൃതിയുടെ അടിവേരുകളിലേയ്ക്ക് ആഴ്ന്നിറങ്ങിയ ഈ കാണ്ഡങ്ങളോരോന്നും നമ്മെ ജീവിതപ്രതിസന്ധികളിൽനിന്നും ജീവിച്ച് മുന്നേറാൻ പ്രേരിപ്പിയ്ക്കുന്നു. അതുകൊണ്ടാണ് ഈ കൃതി കാലാതിവർത്തിയാണെന്ന് പൂർവ്വികർ പ്രവചിച്ചത്. പ്രകൃതിയിലെ മനോഹരദൃശ്യങ്ങളോടൊപ്പം, ഋതുക്കൾ മനുഷ്യമനസ്സുകളിൽ വരുത്തിത്തീർക്കുന്ന മാറ്റങ്ങൾ എത്രമാത്രം ഹൃദയസ്പർശിയായാണ് വാത്മീകിമഹർഷി ആലേഖനം ചെയ്തിരിയ്ക്കുന്നതെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ ? വിരഹിയായ രാമൻ, സീതയോടൊത്തുകഴിഞ്ഞ ഭൂവിഭാഗങ്ങളും, വൃക്ഷലതാതികളും ഓർമ്മകളിലേയ്ക്ക് ആനയിയ്ക്കുമ്പോൾ, അനുവാചകരുടെ മനസ്സും ആ വഴിയ്ക്കുതന്നെ നീങ്ങുന്നു. ജ്യേഷ്ഠന് തുല്യം ദുഃഖിതനാണെങ്കിലും, വളരെ പണിപ്പെട്ട് സമാധാനിപ്പിച്ച ലക്ഷ്മണൻ, അടുത്ത കർത്തവ്യം സീതാന്വേഷണമാണെന്നും, അതിന് താമസമരുതെന്നും ഓർമ്മിപ്പിച്ചപ്പോൾ, ശ്രീരാമൻ കർത്തവ്യനിരതനായി. പിന്നീടവർ വാനരരാജാവായ സുഗ്രീവനെതേടി ഋഷ്യമൂകാചലം തേടിയാത്രതുടർന്നു. അപരിചിതരും, ആയുധധാരികളുമായ ശ്രീരാമലക്ഷ്മണന്മാരെ തിരിച്ചറിയാതെ വാനരസൈന്യം സംശയാലുക്കളായി. നിജസ്ഥിതി അറിയാനായി മന്ത്രിമുഖ്യനായ ഹനുമാൻ നിയോഗിയ്ക്കപ്പെട്ടു. അദ്ദേഹത്തിന്റെ സന്ദർഭോചിതമായ സമീപനം ശ്രീരാമലക്ഷ്മണന്മാർക്ക് 'ഉർവ്വശീശാപം ഉപകാരം' പോലെയായിമാറി. സീതാന്വേഷണാർത്ഥം, സുഗ്രീവനുമായി സന്ധിസംഭാഷണത്തിനായി ഇറങ്ങിത്തിരിച്ചവരെത്തേടി മന്ത്രിമുഖ്യനും, സംഭാഷണചതുരനും, ഭക്തശിരോമണിയുമായ ഹനുമാന്റെ ആഗമനം അവരെസംബന്ധിച്ചിടത്തോളം അങ്ങേയറ്റം ആശ്വാസവും, അതിലേറെ ശുഭലക്ഷണവുമായി അനുഭവപ്പെട്ടു.

ബാലിയെ വധിച്ച് രാജ്യത്തേയും, പത്നിയേയും വീണ്ടെടുത്തുനല്കാമെന്നും പ്രത്യുപകാരമായി സീതയെ രാവണനിൽനിന്ന് മോചിപ്പിയ്ക്കാനായി വേണ്ടതുചെയ്യണമെന്നും ശ്രീരാമൻ സുഗ്രീവനോടാവശ്യപ്പെട്ടു. രാവണന്റെ പതനത്തിനാരംഭമായിട്ടാണ് ഈ സഖ്യത്തെ കാണേണ്ടത്. അതുകൊണ്ടുകൂടിയാണ് കിഷ്കിന്ധാകാണ്ഡത്തിന് ഇത്രമാത്രം പ്രസക്തി വൈവന്നത്. പത്നീവിരഹത്താൽ ദുഃഖിതരായ ഇരുവരും കുശലപ്രശ്നങ്ങൾക്കുശേഷം, അനന്തരനടപടികളെക്കുറിച്ചും തീരുമാനമെടുത്തു. അതിബലവാനും, സഹോദരനുമായ ബാലിയുമായി ഇത്രമാത്രം ശത്രുതാ മനോഭാവം ഉടലെടുക്കാനുണ്ടായ കാരണവും സുഗ്രീവൻ വിശദമായിധരിപ്പിച്ചു. രാക്ഷസരാജാവായ ദുന്ദുഭിയുടെ പുത്രനായ മായാവി ബാലിയുടെ ബദ്ധശത്രുവായിരുന്നു. പലപ്പോഴും ബാലിയെ വെല്ലുവിളിച്ച് ഈ രാക്ഷസൻ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. അവസാനം ഇതിനൊരറുതിവരുത്തണമെന്ന് ബാലിയും നിശ്ചയിച്ചു. പലപ്രാവശ്യം ഏറ്റുമുട്ടിപിരിഞ്ഞെങ്കിലും ഈ കുടിപ്പക കനൽപോലെ കിടന്നു. അവ

സാനിയ്ക്കാത്ത ദ്വന്ദ്വയുദ്ധത്തിലേർപ്പെട്ട ഇരുവരും പൊരുതിക്കൊണ്ടിരുന്നു. അവസാനം ബാലിയോട് രക്ഷയില്ലെന്ന് മനസ്സിലായ മായാവി പ്രാണരക്ഷാർത്ഥം, മായാവിദ്യയുടെസഹായത്താൽ ഒരു ഗുഹയിൽ പോയൊളിച്ചു. തോറ്റചരിത്രമില്ലാത്ത ബാലി, അസുരനെ പിൻതുടർന്ന്, സഹോദരനായ സുഗ്രീവനെ കാവൽനിർത്തി ഗുഹയിൽ പ്രവേശിച്ച് അതികഠിനമായ യുദ്ധത്തിലേർപ്പെട്ടു. ഒരു വർഷം പിന്നിട്ടിട്ടും ഗുഹയിൽനിന്ന് യാതൊരു പ്രതികരണവുമുണ്ടായില്ല. പക്ഷേ ഗുഹാമുഖത്തിൽനിന്ന് നിരന്തരമായി ചോര പ്രവഹിയ്ക്കുന്നതിലും, രാക്ഷസ അലർച്ചയിലും ആപത്ത് ദർശിച്ച സുഗ്രീവൻ. ജ്യേഷ്ഠനെ രാക്ഷസൻ വധിച്ചെന്നനിഗമനത്തിൽ ഗുഹാദ്വാരം ബലമായി അടച്ച് മടങ്ങിപ്പോന്നു. പക്ഷേ മരണം സംഭവിച്ചത് മായാവിയ്ക്കായിരുന്നു. തന്റെ മരണം ആഗ്രഹിയ്ക്കുന്ന സഹോദരൻ രാജ്യം തട്ടിയെടുക്കുവാനായി മനപ്പൂർവ്വം ഗുഹാദ്വാരമടച്ച് ബന്ധവസ്സാക്കിയതാണെന്ന് തെറ്റിദ്ധരിച്ച ബാലി, സഹോദരനായ സുഗ്രീവനെ നാട്ടിൽനിന്നുപോലും ആട്ടിയോടിച്ചു. മാത്രമല്ല ഭാര്യയായ താരയെ തട്ടിയെടുക്കുകയും ചെയ്തു. അതിബലവാനായ ബാലിയെ ഭയന്ന്, നാടും വീടും വേണ്ടപ്പെട്ടവരേയും വെടിഞ്ഞ് ജീവച്ഛവം പോലെ അനവധികാലം അലഞ്ഞുതിരിയേണ്ടിവന്നെന്നും സുഗ്രീവൻ അതിദുഃഖിതനായി അറിയിച്ചു. അവസാനം എവിടെനിന്നോ കേട്ടുകേൾപ്പിച്ചറിഞ്ഞ് മുനിശാപം ഭയന്ന് ബാലിയ്ക്ക് പ്രവേശിയ്ക്കാൻ കഴിയാത്ത ഋഷ്യമൂകത്തിൽ അഭയം പ്രാപിച്ചിരിയ്ക്കയാണ് താനെന്ന് ബാലീസോദരൻ ഗദ്ഗദകണ്ഠനായി രാമനെ ധരിപ്പിച്ചു. സുഗ്രീവന്റെ ദയനീയാവസ്ഥ പൂർണ്ണമായി ഉൾക്കൊണ്ട ശ്രീരാമൻ വാനരസൈന്യത്തെ ബോദ്ധ്യപ്പെടുത്താനായി ബാലിയെവധിച്ച് 'ദുന്ദുഭി' എന്ന ഭീകരസത്വനായ അസുരന്റെ ശവശരീരം പെരുവിരൽകൊണ്ടുയർത്തി പത്തുയോചനദൂരത്തേയ്ക്കെറിഞ്ഞു. മാത്രമല്ല, ബാലി പതിവായി കൈക്കരുത്ത് പരീക്ഷിച്ചിരുന്ന ആകാശത്തോളമുയർന്നുനിൽക്കുന്ന സാലവൃക്ഷങ്ങൾ നിഷ്പ്രയാസം ഒരൊറ്റ അസ്ത്രത്താൽ എയ്ത് മുറിച്ച്, അവരുടെ വിശ്വാസം ആർജ്ജിച്ചു. രാക്ഷസവീരനായ ദുന്ദുഭിയെവധിച്ച്, തെറിച്ചുവീണ ചോരത്തുള്ളികളാൽ മാതംഗാശ്രമത്തെ അശുദ്ധമാക്കിയ ബാലിയെ മാതംഗമുനി 'ഇവിടെ പ്രവേശിച്ചാൽ തലപൊട്ടിത്തെറിയ്ക്കട്ടെ' എന്ന് ശപിച്ചതുകൊണ്ടാണ് ഋഷ്യമൂകാചലത്തിന് ബാലികേറാമല എന്ന പേരുകൂടി സിദ്ധിച്ചതെന്ന് കൂട്ടുകാർക്കറിയാമല്ലോ? കാര്യകാരണബന്ധങ്ങളെ അടുക്കും, ചിട്ടയോടും യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിച്ചതുകൊണ്ടാണ് വാല്മീകിരാമായണം അടിസ്ഥാനാശയത്തിൽനിന്ന് അല്പംപോലും വ്യതിചലിയ്ക്കാതെ അനുവാചകർക്ക് ഇത്രമാത്രം ആസ്വാദ്യകരമായിത്തീർന്നത്. വെറും വായനയ്ക്കപ്പുറം മനസ്സിന്റെ ഉള്ളറയിലേയ്ക്ക് നിഷ്പ്രയാസം പ്രവേശിയ്ക്കുന്ന ജീവനുള്ളകഥാപാത്രങ്ങൾ ഈ കൃതിയെ ലോകോത്തരമാക്കിത്തീർത്തിരിയ്ക്കുന്നു. (തുടരും)

# താന്ത്രികവൈഷ്ണവദർശനം

ഡോ. ദാമോദർ നാരായണൻ സി.എൻ.

(കഴിഞ്ഞ ലക്കം തുടർച്ച)

ശ്രീവൈഷ്ണവനായ ശ്രീപരാശരഭട്ടർ തന്റെ സഹസ്രനാമഭാഷ്യമായ ഭഗവദ്ഗുണദർപ്പണമെന്ന ഗ്രന്ഥത്തിൽ പരവ്യൂഹവിഭവാർച്ചാന്തര്യാമികളെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു.

വിഷ്ണുസഹസ്രനാമത്തിലെ 122ആം നാമമായ വരാരോഹഃ എന്നതിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം പറയുന്നു.

പരവ്യൂഹവിഭവാത്മനാ ത്രിവിധം പരം ബ്രഹ്മ ഇതി ഭാഗവതസിദ്ധാന്തഃ. തത്ര പരം നാമ അകാര്യം കാര്യാനവച്ഛിന്നപൂർണ്ണഷാഡ്ഗുണ്യമഹാർണ്ണവോത്കലിക ഏകാതപത്രീകൃത നിസ്സീമനിത്യഭോഗവിഭൂതികം മുക്തോപസൃപ്യം അനൌപാധികം അവസ്ഥാനം.

പരം വ്യൂഹം വിഭവം എന്നിങ്ങനെ മൂന്നുരീതിയിലാണ് പരബ്രഹ്മസ്വരൂപമെന്ന് ഭാഗവതസിദ്ധാന്തം. അതിൽ പരമെന്നാൽ സ്വയം കാര്യമല്ലാത്തതും കാര്യങ്ങളാൽ വേർപെടുത്താനാകാത്തതും (ചെറുതാക്കാനാകാത്തതും), പൂർണ്ണമായ ഷാഡ്ഗുണ്യങ്ങളോടു കൂടിയതും വലിയ അലകളോടു കൂടിയ മഹാസമുദ്രം പോലെയുള്ളതും, എല്ലാത്തിനെയും ഒരു കുടക്കീഴിൽ നിലനിർത്തുന്നതും, അളവില്ലാത്തതും നിത്യമായതുമായ ഭോഗങ്ങളോടും വിഭൂതികളോടും കൂടിയതും മുക്തന്മാരാൽ അനുഭവിക്കപ്പെടുന്നതും ഉപാധികളോടു കൂടാത്തതുമായ അവസ്ഥയാകുന്നു.

വ്യൂഹഃ ച മുമുക്ഷുസിസൃക്ഷയാ പ്രദേയ സൃഷ്ടിസ്ഥിതിലയാഃ ശാസ്ത്രതദർത്ഥതത്ഫലാനി ധ്യാനാരാധനേ ലീലാ ച ഇതി ഈദൃശകാര്യോപയുക്തവിഭക്തപരഗുണരൂപവ്യാപാരശീകരവ്യൂഹനിർവ്വാഹിതലീലാവിഭൂതികം മുക്തിസാധകം ചതുർദ്ധാ അവസ്ഥാനം.

വ്യൂഹമെന്നാൽ മുക്തിക്ക് ആഗ്രഹിക്കുന്ന ജീവന്മാരെ സൃഷ്ടിക്കണമെന്ന ആഗ്രഹത്താലും, സൃഷ്ടി സ്ഥിതി ലയം എന്നിവ ചെയ്യുന്നതിനു വേണ്ടിയും, ശാസ്ത്രം പഠിപ്പിക്കുക അതിന്റെ അർത്ഥം മനസ്സിലാക്കുക അതിന്റെ ഫലങ്ങൾ നല്കുക എന്നിവയ്ക്കു വേണ്ടിയും, ധ്യാനത്തിനും ആരാധനക്കും വേണ്ടിയും, ലീലയായിക്കൊണ്ടും, ഇപ്രകാരമുള്ള കാര്യങ്ങൾക്കു വേണ്ടിയുള്ളതായി പരമായതിന്റെ ഗുണങ്ങളെ ഓരോന്നിലും വിഭജിച്ചു ലീലാവിഭൂതികളെ നിർവ്വഹിക്കാനും, മുക്തിക്കു കാരണമായും നിലനില്ക്കുന്ന വാസുദേവസങ്കർഷണപ്രദ്യുമ്നാനിരുദ്ധന്മാരായ നാലു രൂപങ്ങളായുള്ള നിലനില്പ്.

വ്യൂഹങ്ങളിൽ സങ്കർഷണൻ, പാഞ്ചരാത്രശാസ്ത്രത്തെ പഠിപ്പിക്കുന്നവനും, പ്രദ്യുമ്നൻ അതിന്റെ അർത്ഥത്തെ വെളിപ്പെടുത്തിക്കൊടുക്കുന്നവനും അനിരുദ്ധൻ ശാസ്ത്രാനുഷ്ഠാനത്തിന്റെ ഫലത്തെ കൊടുക്കുന്നവനുമാകുന്നു. ജഗത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരം എന്നിവയും ഇവർതന്നെയാണ് നിർവ്വഹിക്കുന്നത്.

വിഭവഃ ച തച്ഛായഃ സുരനരതിര്യഗാദിഃ സ്വവിഭവജാതീയഃ ഐച്ഛഃ പ്രാദുർഭാവവർഗ്ഗഃ. ...

തത്ര പ്രാദുർഭാവാഃ കേചിത് സാക്ഷാത് യഥാ മത്സ്യകൂർമ്മാദയഃ. അന്യേ തു ഋഷ്യാദിവിശിഷ്ട-പുരുഷാധിഷ്ഠാനേന, യഥാ ഭാർഗ്ഗവരാമകൃഷ്ണദ്വൈപായനാദയഃ. അപരേ കാലേ ശക്ത്യാവേശേന യഥാ പുരഞ്ജയാദിഷു. ഇതരേ ച വ്യക്തിഷു സ്വയമേവാവതീര്യ യഥാ അർച്ചാവതാര ഇതി ചതുർദ്ധാ.

അപ്രകാരം ആവിർഭവിക്കുന്നവയിൽ ചിലത് ഭഗവാൻ മത്സ്യം കൂർമ്മം തുടങ്ങിയവയെപ്പോലെ സ്വയം രൂപമെടുക്കുന്നു. മറ്റുള്ളവയിൽ ഭാർഗ്ഗവരാമൻ (പരശുരാമൻ) കൃഷ്ണദ്വൈപായനനൻ (വ്യാസൻ) എന്നിവരെപ്പോലെ മഹർഷിമാരിൽ പുരുഷാധിഷ്ഠാനത്തിലൂടെ നിലനില്ക്കുന്നു. വേറെ ചില സമയത്ത് പുരഞ്ജയനിലെപ്പോലെ ശക്തിയായി താല്ക്കാലികമായി ആവേശിക്കുന്നു. വേറെ ചില വ്യക്തികളിൽ സ്വയം അവതാരമെടുക്കുന്നു, അർച്ചാവതാരം പോലെ.

(വിഭവത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ശ്രീ പരാശരഭട്ടർ സാത്വതസംഹിതയെ ഉദ്ധരിച്ചിരിക്കുന്നതു കാണാം. പ്രാദുർഭാവവർഗ്ഗഃ എന്നതിനു ശേഷം).

തുടർന്നു പറയുന്നു-

.. പ്രത്യുത തേഷാം പ്രാദുർഭാവേഭ്യഃ ഭേദവ്യപദേശാഃ പ്രാദുർഭാവശബ്ദവിലക്ഷണേന പ്രാദുർഭാവാന്തരശബ്ദേന നിർദ്ദേശാഃ ഭഗവദ്വിഭൂതിലേശോദ്ഭവത്ത്വതത്പ്രാദുർഭാവവിശേഷാധീനവൃത്തിത്ത്വാദി വ്യവഹാരാശ്ച ഭഗവച്ഛാസ്ത്രേഷു ബഹുലം ഉപലഭ്യന്തേ. അത ഏവ ഹി തേഷാം പ്രാദുർഭാവേഭ്യോ ഭേദഃ തദ്വിഭൂതിത്ത്വം ച ശാസ്ത്രിതം.

ഭാഗവത (പാഞ്ചരാത്ര) ശാസ്ത്രത്തിൽ അവരെ പ്രാദുർഭാവങ്ങളായ(വിഭവങ്ങൾ)വയോടു തന്നെ ചേർത്ത് പ്രാദുർഭാവാന്തരങ്ങളെന്ന പേരിൽ അറിയപ്പെടുന്നു. എന്നു വച്ചാൽ ഭഗവാന്റെ വിഭൂതിലേശത്താലുദ്ഭവിക്കുന്നതും ഭഗവാന് അധീനമായി വൃത്തി (പ്രവൃത്തി) ചെയ്യുന്നതുമായവരെന്നർത്ഥം. അതിനാൽ തന്നെ ഭഗവാന്റെ പ്രാദുർഭാവങ്ങളായ അവതാരങ്ങളിൽ നിന്നും ഭിന്നമായതും എന്നാൽ ഭഗവാന്റെ വിഭൂതിയോടു കൂടിയതും ആണ് ഇവർ എന്നു ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നത്.

**(തുടരും)**

# കേരളീയതന്ത്രം

ഡോ. അജിതൻ പി.ഐ.

**കേരളീയതന്ത്രം : ഒരു ആമുഖം**

കേരളീയതന്ത്രംഎന്നസംവർഗ്ഗംതന്ത്രത്തിന്റെബൃഹത്പാരമ്പര്യത്തിലോ ലഘുപാരമ്പര്യത്തിലോ ഉൾപ്പെടുന്നില്ല. ദ്വൈതപ്രധാനങ്ങളായ ശൈവസിദ്ധാന്തത്തിന്റേയും പാഞ്ചരാത്രത്തിന്റേയും അഥവാ ആഗമ-സംഹിതാ പാരമ്പര്യങ്ങളുടെ കൂടിക്കലർപ്പിൽ കേരളത്തിൽ ഉണ്ടായി വന്ന ഒരു അവാന്തര വിഭാഗമാണിത്. ഇതിലെ ഗ്രന്ഥപരമ്പരയ്ക്ക് സാമാന്യമായ ഒരു പേര് എവിടേയും സൂചിപ്പിച്ച് കാണുന്നില്ല. കേരളതന്ത്രത്തിലെ വാങ്മയത്തിൽ നല്ലൊരു ശതമാനവും "ക്രിയ" (ക്രിയ എന്നാൽ ആചരണക്രമം എന്നർത്ഥം) എന്ന പേരിലാണ് ആരംഭിക്കുന്നത് എന്നതുകൊണ്ട് ഇവയെ സാമാന്യമായി 'ക്രിയാപദ്ധതികൾ' എന്നോ 'അനുഷ്ഠാനതന്ത്രങ്ങൾ' എന്നോ, ഇതുരണ്ടുമല്ലെങ്കിൽ നിബന്ധനങ്ങൾ എന്നോ വിളിക്കാവുന്നതാണ്. ആഗമ-സംഹിതകളിൽ സ്വാർത്ഥ, പരാർത്ഥ ആരാധനകൾക്കാണ് പ്രാധാന്യമെങ്കിൽ അവയിൽനിന്നുടലെടുത്ത കേരളീയതന്ത്രത്തിലാവട്ടെ സാമൂഹികാരാധനയ്ക്ക് അഥവാ പരാർത്ഥത്തിന് മാത്രമേ സ്ഥാനമുള്ളൂ. അതായത് പരാർത്ഥമായ ക്ഷേത്രാരാധനാ പാരമ്പര്യത്തെയാണ് കേരളീയതന്ത്രമെന്ന് വിശേഷിപ്പിക്കുന്നതെന്നർത്ഥം. ഇതര തന്ത്രങ്ങളെ സംബന്ധിച്ച് ക്ഷേത്രം എന്നത് ആരാധനയ്ക്കുള്ള പല സങ്കേതങ്ങളിൽ ഒന്നുമാത്രമാണ്. എന്നാൽ, കേരളത്തിൽ 'തന്ത്രം' ക്ഷേത്രാരാധനയുടെ പര്യായമാണ്.

ആഗമ-സംഹിതാ പാരമ്പര്യങ്ങളുടെ കൂടിക്കലർപ്പിലുണ്ടായ കേരളീയതന്ത്രത്തിന് പ്രാദേശികമായ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക അന്തർധാരകളുടെ സ്വാധീനഫലമായി ചില പരിവർത്തനങ്ങളും സംഭവിച്ചിട്ടുണ്ട്. ഇത്തരം പരിവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായി അനുഭവപ്പെടുന്ന ഒരു കാര്യം താഴെ പറയുന്നു. തത്വചിന്തയ്ക്കും അതിന്റെ പശ്ചാത്തലത്തിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ള ദേവതാരാധനയ്ക്കുമാണ് ആഗമ-സംഹിതകളിൽ പ്രധാന്യമെങ്കിൽ കേരളീയതന്ത്രത്തിൽ താത്വികപരിജ്ഞാനമില്ലങ്കിലും ആരാധനയുടെ കൃത്യമായ നിർവ്വഹണത്തിനാണ് പ്രാധാന്യം നൽകികാണുന്നത്. ഇതർത്ഥമാക്കുന്നത് കേവലം കൃത്യമായ നിർവ്വഹണം തന്നെ ആരാധനയെ സാധൂകരിക്കുന്നുവെന്നാണ്. കേരളതന്ത്രത്തിന് ഇത്തരത്തിൽ പല സവി

ശേഷതകളുണ്ട്. അവയിലേക്ക് നമുക്ക് ക്രമേണ ശ്രദ്ധ തിരിക്കാം. ചുരുക്കിപ്പറഞ്ഞാൽ, കേരളതന്ത്രത്തെ വിലയിരുത്തേണ്ടത് ആഗമ-സംഹിതകൾ മുന്നോട്ട് വെക്കുന്ന ആരാധനാ പാരമ്പര്യത്തിന്റെ അതിവിപുലമായ ഒരു പശ്ചാത്തലത്തിലാണ്. അപ്പോൾ മാത്രമേ കേരളീയതന്ത്രത്തിന്റെ തനിമ വെളിവാകൂ. പക്ഷേ ഇത്തരത്തിലൊരു സമീപനം കേരളീയതന്ത്രത്തെക്കുറിച്ച് പഠിച്ച ഗവേഷകർ ആരും ഇതുവരേയും സ്വീകരിച്ചിട്ടില്ലെന്ന കാര്യം ഈ വിഷയത്തിൽ ഇനിയും താണ്ടാനുള്ള ദൂരം എത്രയധികമാണെന്ന് സൂചിപ്പിക്കുന്നു.[1]

## കേരളക്ഷേത്രങ്ങളും ഭക്തിപ്രസ്ഥാനവും

കേരളീയതന്ത്രത്തിലെ ആദ്യത്തെ ഗ്രന്ഥം പ്രയോഗമഞ്ജരി എഴുതപ്പെടുന്നത് പൊതുവർഷം പതിനൊന്നാം നൂറ്റാണ്ടിലാണ്. എന്നാൽ അതിന് മുമ്പ് തന്നെ കേരളത്തിൽ ക്ഷേത്രങ്ങളുണ്ടായിരുന്നു. ഒരു പക്ഷേ തന്ത്രത്തിന്റെ ഒരു വാമൊഴി പാരമ്പര്യം കേരളത്തിൽ ക്ഷേത്രങ്ങൾ ആവിർഭവിച്ച കാലത്ത് തന്നെ ഉണ്ടായിരുന്നിരിക്കാം. ഇതിനെക്കുറിച്ചുള്ള ഒരു നിർണ്ണായക സൂചനയായി വായിച്ചെടുക്കാവുന്നതാണ് പ്രയോഗമഞ്ജരീകാരന്റെ "യഥാശ്രുതം ക്രിയാക്രമമാത്രം ശുകവന്മയോച്യതേ" (ക്രിയകളെക്കുറിച്ച് ഞാൻ കേട്ടതിനെ ഒരു തത്തയെപ്പോലെ ഇവിടെ പറയുന്നു) എന്ന പരാമർശം. എന്നാൽ ഇത്തരമൊരു വാമൊഴിപാരമ്പര്യത്തെക്കുറിച്ച് കൂടുതലായി തെളിവുകളൊന്നുമില്ലാത്തതിനാൽ ലിഖിതപാരമ്പര്യത്തെ ആശ്രയിച്ച് മാത്രമേ കേരളീയതന്ത്രത്തെ ഇന്നത്തെ സാഹചര്യത്തിൽ വിലയിരുത്താൻ

1. ഇ. വി. രാമൻ നമ്പൂതിരിയാണ് കേരളീയതന്ത്രമെന്ന വിഷയത്തിൽ ആദ്യമായി ഒരു ആധികാരിക പഠനം നടത്തുന്നത്. അദ്ദേഹം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലഭ്യമായിരുന്ന എല്ലാ പഠനങ്ങളേയും അസ്പദമാക്കിയാണ് തിരുവനന്തപുരം താളിയോലഗ്രന്ഥാവരിയിരിയിൽ നിന്നും 1945-ൽ പ്രസിദ്ധീകരിച്ച തന്ത്രസമുച്ചയത്തിന്റെ ആമുഖമായി അദ്ദേഹം കേരളീയതന്ത്രത്തെക്കുറിച്ച് ഒരു പഠനക്കുറിപ്പ് എഴുതുന്നത്. കാലങ്ങൾക്ക് ശേഷം ഇന്നും ഇതിന്റെ ആധികാരികതയ്ക്ക് കോട്ടം തട്ടിയിട്ടില്ല. ഇദ്ദേഹത്തിന് ശേഷം 1987 മുതൽ രാമൻ നമ്പൂതിരിയുടെ പഠനങ്ങളെ ആധാരമാക്കി എൻ. പി. ഉണ്ണി കേരളീയതന്ത്രത്തിൽ പല പഠനങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. (Unni 1987, 1990 ,1991, 2006) ഇവരെക്കൂടാതെ വേഴപ്പറമ്പ് പരമേശ്വരൻ നമ്പൂതിരി, കെ.പി.സി നാരായണൻ ഭട്ടതിരിപ്പാട്, കെ.പി.സി. അനുജൻ ഭട്ടതിരിപ്പാട് തുടങ്ങിയ പാരമ്പര്യ തന്ത്രിമാരും പ്രയോക്താക്കളും പല ലേഖനങ്ങളും എഴുതിയിട്ടുണ്ട്. അക്കാദമിക് പഠനങ്ങളുടെ കൂട്ടത്തിൽ ജയൻ എറാഞ്ചേരി (Erancherry, 2001), കെ. എം. സംഗമേശൻ (Sangameshan 2004), പ്രജിത്ത് ജെ. പി (J.P., 2008), സുതഷി ആർ (Suthashi, 2011), മജാക് കരസിൻസ്കി (Karasinski, 2011), അജിതൻ. പി.ഐ (P.I, 2014), രഞ്ജിനി എം. വി (M.V., 2015), ശ്യാം കുമാർ ടി. എസ് (T.S., 2017), മുരളീകൃഷ്ണൻ. എം.വി (M.V, 2020), ദാമോദർ നാരായണൻ. സി. എൻ (C.N, 2023).

സാധിക്കു. കേരളത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ ക്ഷേത്രങ്ങളുടെ ആഗമനത്തെ പറ്റി പഠിക്കുമ്പോൾ അതിന് പിന്നിലുള്ള കാരണങ്ങൾ ബ്രാഹ്മണരുടെ കേരളത്തിലേക്കുള്ള വരവും ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരവുമാണെന്ന് കാണാൻ സാധിക്കും (Narayanan & Veluthat, 1978: 38). കേരളോല്പത്തി ഗ്രന്ഥങ്ങളുടെ പശ്ചാത്തലത്തിൽ അവയിലെ ഐതിഹ്യങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ ക്ഷേത്രസംസ്കാരത്തെ വിലയിരുത്തുമ്പോൾ ബ്രാഹ്മണരുടെ വരവും തുടർന്ന് ബ്രാഹ്മണഗ്രാമങ്ങളുടെ രൂപീകരണവും ആണ് ഇതിന് തുടക്കം കുറിച്ചിട്ടുള്ളതെന്ന് എളുപ്പം മനസ്സിലാവും.

ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ പൊതുവർഷം എട്ടാം നൂറ്റാണ്ടുമുതൽ സ്ഥിരമായ ആരാധനാ കേന്ദ്രങ്ങൾ കേരളത്തിൽ പലയിടങ്ങളിലായി നിർമ്മിക്കപ്പെട്ടിരുന്നതായിക്കാണാം (Sarkar, 1978:41). ചെറിയ ഗുഹാക്ഷേത്രങ്ങളിൽ തുടങ്ങി ക്രമേണ ബൃഹത്തായ ഒരു വാസ്തുനിർമ്മിതിയായി ക്ഷേത്രങ്ങൾ പരിണമിക്കുന്നത് പൊതുവർഷം ഒൻപതാം നൂറ്റാണ്ടോടെയാണ്. ശൈവവൈഷ്ണവഭക്തിധാരയുടെ പ്രഭാവമേറുന്നതോടെ നിയതമായ ഘടനകളുള്ള ക്ഷേത്രങ്ങൾ വ്യാപകമായി നിർമ്മിക്കപ്പെടുന്നു. രണ്ടാം ചേരരാജാക്കന്മാരായ പെരുമാക്കന്മാരുടെ മൂന്നു നൂറ്റാണ്ടോളമുള്ള ഭരണകാലമാണ് (പൊതുവർഷം 800- 1112) കേരളത്തിലെ ക്ഷേത്രങ്ങളെ സംബന്ധിച്ച് വേരോട്ടത്തിന്റെ കാലഘട്ടം. പക്ഷേ ഇക്കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങൾ ഇന്നു നാം കാണുന്ന രീതിയിലുള്ള ശൈലിയിലായിരുന്നില്ല. ചോള, പാണ്ഡ്യ, പല്ലവ, ചാലൂക്യ ശൈലികളിലാണ് ആദ്യകാലക്ഷേത്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഇതിനുത്തമോദാഹരണങ്ങളാണ് തൃക്കുലശേഖരപുരം, തിരുവഞ്ചിക്കുളം, പാർത്ഥിവപുരം ക്ഷേത്രങ്ങൾ. ഇക്കാലയളവിൽ നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങളിൽ നല്ലൊരുശതമാനവും വിഷ്ണുക്ഷേത്രങ്ങളോ അല്ലെങ്കിൽ ശിവക്ഷേത്രങ്ങളോ ആയിരുന്നു. കണക്കിൽ കൂടുതലുമുണ്ടായിരുന്നത് വിഷ്ണുക്ഷേത്രങ്ങളായിരിക്കാമെന്നാണ് പുതുശ്ശേരി രാമചന്ദ്രന്റെ വാദം. പെരുമാക്കന്മാർ ഭക്തിപ്രസ്ഥാനത്തിന് ഈ മണ്ണിൽ വളരാൻ വെള്ളവും വളവും നൽകിയെന്ന് മാത്രമല്ല, അവർ സ്വന്തം നിലയ്ക്കും ഭക്തിയുടെ ദീപശിഖയേന്തിയവരും കൂടി ആയിരുന്നു. പെരുമാക്കന്മാരിൽ കുലശേഖര ആൾവാർ വൈഷ്ണവനും, ചേരമാൻ പെരുമാൾ നായനാർ ശൈവനും ആയിരുന്നു. ഇക്കാലത്താണ് വൈഷ്ണവസഞ്ചാരികളായ തിരുമങ്കൈ, നമ്മാൾവാർ തുടങ്ങിയവർ കേരളത്തിലെ പതിമൂന്ന് 'പാടൽപെറ്റ തിരുപ്പതികളെ' കീർത്തിച്ച് പാടുന്നതായിക്കാണുന്നത് (Narayanan, 2013: 346-7).[2] അതുപോലെത്തന്നെയാണ് ശൈവ നായനാർമാരിൽ ഒരാളായ സുന്ദരമൂർത്തി നായനാർ തന്റെ തേവാരം കൃതികളിൽ തിരുവഞ്ചൈക്കളം

2. തിരുവൻ പരിസാരം, തിരുവാട്ടാർ, തിരുവനന്തപുരം, തിരുച്ചെങ്ങന്നൂർ, തിരുപ്പുലിയൂർ, തിരുവൻവ

ക്ഷേത്രത്തെക്കുറിച്ച് പരാമർശിക്കുന്നതും.

പെരുമാൾ വാഴ്ചയുടെ അന്ത്യകാലത്തിലും കേരളത്തിലെ ക്ഷേത്രസംസ്കാരത്തിന് ഭക്തിപ്രസ്ഥാനം ഊർജ്ജം പകർന്നിട്ടുള്ളതായി ക്കാണാം. ഇതിന് ഉദാഹരണമായി എടുത്തുകാട്ടാവുന്നതാണ് തിരുവഞ്ചിക്കുളം ശിവക്ഷേത്രത്തിൽ കണ്ടുവരുന്നതായ ചേരമാൻ പെരുമാൾ നായനാരുടേയും സുന്ദരമൂർത്തിനായനാരുടേയും പ്രതിഷ്ഠകൾ. കേരളപുരം ശിവക്ഷേത്രത്തിന്റെ കന്നിമൂലയിൽ കണ്ടുവരുന്നതായ കുലശേഖര ആഴ്വാരുടെ പ്രതിഷ്ഠയും ഇക്കാലത്തോട് ചേർത്തുവെക്കാവുന്നതാണ്. ഈ പ്രവണത പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരെ തുടർന്ന് വന്നതായി കാണുന്നു. പതിനേഴാം നൂറ്റാണ്ടിലുള്ള കേരളപുരം ശാസനത്തിൽ ശിവക്ഷേത്രത്തിലുള്ള മണ്ഡപത്തിന്റെ വടക്കുപടിഞ്ഞാറേ മൂലയ്ക്ക് ചേരമാൻ പെരുമാൾ നായനാരുടേയും സുന്ദരമൂർത്തി നായനാരുടേയും പ്രതിമകൾ പണികഴിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (രാമചന്ദ്രൻ, 2007:236).

കേരളത്തിന്റെ സാംസ്കാരികചരിത്രപശ്ചാത്തലത്തിൽ ക്ഷേത്രവ്യാപനപ്രക്രിയയെ വിലയിരുത്തുമ്പോൾ ജൈനക്ഷേത്രങ്ങളുടെ ഉദ്ഭവത്തെക്കുറിച്ചും പരാമർശിക്കേണ്ടതായിട്ടുണ്ട്. പത്ത് പതിനൊന്ന് നൂറ്റാണ്ടോടെ തിരുച്ചാരണം, ആലത്തിയൂർ, തിരുവണ്ണൂർ, കിണാലൂർ, തിരുവട്ടൂർ തുടങ്ങിയവ ജൈനക്ഷേത്രങ്ങളും നിലവിൽ വരുന്നതായിക്കാണാം. പില്ക്കാലത്ത് ഈ ജൈനക്ഷേത്രങ്ങളെല്ലാം തന്നെ വിഷ്ണു-ശിവ-ഭഗവതീക്ഷേത്രങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതായി പല ഗ്രന്ഥവരികളും ചേപ്പേടുകളും സാക്ഷ്യപ്പെടുത്തുന്നു. ഉദാഹരണത്തിന് വയനാടുള്ള വെള്ളായനി ക്ഷേത്രം. ഇത് പുരാതന കാലത്ത് ജൈനക്ഷേത്രമായിരുന്നുവെന്നും പന്ത്രണ്ടാം നൂറ്റാണ്ടിലാണ് വിഷ്ണുക്ഷേത്രമായി പരിവർത്തനം ചെയ്യപ്പെട്ടതെന്നും അവിടെ നിന്നും കണ്ടെടുത്ത രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. തിരുവിതാംകൂറിലെ തിരുച്ചാരണത്ത് മലയിലുള്ള ഗുഹാ ക്ഷേത്രവും പെരുമ്പാവൂരിലെ കല്ലിൽ ഗുഹാക്ഷേത്രവും ഭഗവതീക്ഷേത്രങ്ങളായി പിന്നീട് മാറി (രാഘവവാരിയർ, 2009: 85) ഇതുപോലെ സമൂലമായ പരിവർത്തനത്തിന് വിധേയമായ ജൈനക്ഷേത്രങ്ങളാണ് കൂടൽമാണിക്യം, തൃക്കാക്കര, കിണാലൂർ, തിരുവട്ടൂർ, തിരുമണ്ണൂർ എന്നിവ. ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ അഭിപ്രായത്തിൽ ക്ഷേത്രനിർമ്മാണശൈലിയും, പ്രതിമാപ്രതിഷ്ഠയും ആരാധനാസമ്പ്രദായവുമൊക്കെ ഹൈന്ദവർ ശ്രമണരിൽ നിന്ന് പകർത്തിയതാണ് (2007: 28). [3]

---

ണ്ടൂർ, തിരുവല്ലവാഴ്, തൃക്കടിത്താനം, തിരുവാറൻവിള, തൃക്കാക്കര, തിരുമൂഴിക്കളം, തിരുനാവായ് ഇത്രയും ക്ഷേത്രങ്ങളെക്കുറിച്ചാണ് നമ്മാൾവാർ തിരുവായ്മൊഴിയിൽ പാടുന്നത്. തിരുമൂഴിക്കളം, തിരുനാവായ്, തിരുവല്ലവാഴ് എന്നീ ക്ഷേത്രങ്ങളെയാണ് പെരിയതിരുമൊഴിയിൽ നമ്മാൾവാർ പരാമർശിക്കുന്നത്. കുലശേഖര ആൾവാർ പെരുമാൾതിരുമൊഴിയിൽ ഇവയിലൊന്നും പെടാത്ത തിരുവിറ്റുവക്കോട് ക്ഷേത്രത്തേയും പരാമർശിക്കുന്നു. (Narayanan, 2013: 346)

## നാട്ടുവാഴിസ്വരൂപങ്ങളുടെ കാലവും കേരളീയതന്ത്രവും

പെരുമാക്കന്മാരുടെ ഭരണത്തകർച്ചയോടെ കേരളദേശം പല നാട്ടുവാഴിസ്വരൂപങ്ങളായിത്തിരിയുന്നു. പിന്നീട് നാം കാണുന്നത് ക്ഷേത്രങ്ങൾ സ്വതന്ത്രാധികാരമുള്ള, പലപ്പോഴും പ്രാദേശിക ഭരണത്തിൽക്കൂടി കയ്യുള്ള "സങ്കേതങ്ങൾ" ആയി പരിണമിക്കുന്നതാണ് (രാഘവവാരിയർ, 2016: 131). സമ്പത്ത്, അധികാരം എന്നിവ രാജാക്കന്മാരുടെ പിന്തുണയോടെ വർദ്ധിച്ച് വരുന്നതോടെ ക്ഷേത്രങ്ങൾ പ്രാദേശികമായ ഭരണനിർവ്വഹണത്തിനുള്ള കേന്ദ്രങ്ങളായി മാറുന്നു. ക്ഷേത്രകലകൾ പോഷിപ്പിക്കപ്പെടുന്നു. പുതിയ ബ്രാഹ്മണഗ്രാമങ്ങളും അവയുടെ ഉപഗ്രാമങ്ങളും രൂപപ്പെടുന്നു. ബ്രാഹ്മണർ ഒരു ദേശത്തിന്റെ തന്നെ നിയാമകശക്തികളായി പരിണമിക്കുന്നു. ഇതാണ് നാട്ടുവാഴിസ്വരൂപങ്ങളുടെ ഭരണകാലത്തെ പുതിയ ഒരു സവിശേഷത. തുടർന്ന് ഏറിവരുന്ന അന്തഃഛിദ്രത്തിന്റേയും നാട്ടുവാഴിമാർ തമ്മിലുള്ള നാശോന്മുഖമായ മാത്സര്യത്തിന്റേയും ഫലമായി നാട്ടുവാഴിസ്വരൂപങ്ങളിൽ പലതും ശിഥിലമാവുന്നു. ഇതിനിടയിലാണ് മൈസൂർ സുൽത്താന്മാരുടെ പടയോട്ടം. ഹൈദരലിയുടേയും ടിപ്പുവിന്റേയും പടയോട്ടങ്ങൾ കേരളതന്ത്രത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ഉത്തരമലബാറിലുള്ള ശാക്തപാരമ്പര്യത്തെ. കേരളീയേതരായ ഉത്തരമലബാറിലെ ശാക്തേയബ്രാഹ്മണർ ('പിടാരർ', 'മൂസ്സതുമാർ' എന്നൊക്കെയാണ് അവരുടെ ജാതിപ്പേരുകൾ) അവരുടെ അധീനതയിലുള്ള കാവുകളിലെ പൂജാവിധാനങ്ങളിൽ സാരമായ മാറ്റം വരുത്തിയതായി അവരുടെ കൈവശമുള്ള താളിയോലകൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. വിസ്തരിച്ച ശാക്തപൂജാ വിധാനത്തെ ചുരുക്കി നാമമാത്രമാക്കി മാറ്റിയതായി താളിയോലകൾ സാക്ഷ്യപ്പെടുത്തുന്നു. ഇത്തരമൊരു മാറ്റത്തിന് അവർ നിർബന്ധിതരായി എന്നുവേണം കരുതാൻ. ചുരുക്കിപ്പറഞ്ഞാൽ പതിനൊന്നാം നൂറ്റാണ്ടുമുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടങ്ങളിലാണ് കേരളീയതന്ത്രം പരിണാമ, വികാസദശകളിലൂടെ കടന്നുപോകുന്നത്. ഈ കാലഘട്ടത്തിലെ കേരളത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക പശ്ചാത്തലത്തിലും കൂടി വേണം കേരളതന്ത്രത്തെ അടയാളപ്പെടുത്താൻ.

സ്വരൂപങ്ങളുടെ കാലത്തുണ്ടായ ചില സാമൂഹ്യ പരിവർത്തനങ്ങൾ കേരളതന്ത്രത്തെ സംബന്ധിച്ച് വളരെ നിർണ്ണായകമായിട്ടുണ്ട്. മദ്ധ്യകാലഘട്ടത്തിൽ പ്രബലമായിത്തീർന്ന ബ്രാഹ്മണ ഗ്രാമങ്ങളിൽ ചിലത് ശൈവഗ്രാമങ്ങളും മറ്റുള്ളവ വൈഷ്ണവഗ്രാമങ്ങളുമായിരുന്നു. ഉദാഹരണത്തിന് തിരുവല്ല

3. രാഘവവാരിയരുടെ അഭിപ്രായത്തിൽ സാംസ്കാരികകാര്യങ്ങളിൽ ബ്രാഹ്മണരുടേയും മറ്റും ക്ഷേത്രമാതൃകതന്നെയാണ് ജൈനക്ഷേത്രങ്ങളും പിന്തുടരുന്നത് എന്നാണ് (രാഘവവാരിയർ, 2009: 85).

വൈഷ്ണവഗ്രാമവും ഐരാണിക്കുളം ശൈവഗ്രാമവും ആയിരുന്നു. എന്നാൽ പിന്നീട് ചില ശൈവ-വൈഷ്ണവ ഗ്രാമങ്ങൾ ഏകീകരിക്കപ്പെടുന്നതായ ഒരു പുതിയ പ്രവണത നിലവിൽ വരുന്നതായിക്കാണാം. അവസാന ചേരരാജാവായ രാമകുലശേഖരന്റെ കാലത്താണ് (പൊതുവർഷം1089-1122) തിരുവല്ല, ഐരാണിക്കുളം, ചേരാകേശ്വരക്ഷേത്രം എന്നിവ ഏകഗ്രാമമാക്കപ്പെടുന്നത്. അതുവരെ ശൈവഗ്രാമങ്ങൾ, വൈഷ്ണവഗ്രാമങ്ങൾ എന്നിങ്ങനെ വേർപെട്ട് നിന്നിരുന്ന ബ്രാഹ്മണഗ്രാമങ്ങൾ, അവയിലുൾപ്പെടുന്ന ക്ഷേത്രങ്ങൾ, നിയമങ്ങൾ, സ്വത്തുക്കൾ ഇവയെല്ലാം തന്നെ ഒന്നാക്കപ്പെടുന്നു (Narayanan, 2013: 218). ഈ ഏകീകരണശ്രമം കേരളതീയതന്ത്രചരിത്രത്തെ സംബന്ധിച്ച് ഭാവികാലസൂചനകൾ അടയാളപ്പെടുത്തിയ ഒരു നാഴിക്കല്ലാണ്. കാരണം, താന്ത്രികാചാരാനുഷ്ഠാനങ്ങളുടെ മണ്ഡലത്തിൽ പതിനഞ്ചാം നൂറ്റാണ്ടോടെ; അതായത്, തന്ത്രസമുച്ചയത്തോടെ ഈ സാമഞ്ജസ്യം വിജ്ഞാനത്തിലും പ്രയോഗത്തിലും തെളിഞ്ഞ് പ്രത്യക്ഷപ്പെടുന്നതായിക്കാണാം. തന്ത്രസമുച്ചയത്തിന് മുൻപ് എഴുതപ്പെട്ട ഗ്രന്ഥങ്ങളിലൊന്നും തന്നെ ശൈവ-വൈഷ്ണവ ഏകീകരണത്തിന്റെ യാതൊരു സൂചനയും കാണാനില്ല. ഇത്തരത്തിലുള്ള ശൈവ, വൈഷ്ണവ സാമരസ്യമാണ് വാസ്തവത്തിൽ കേരളീയതന്ത്രത്തിന്റെ മുഖമുദ്ര. ഈ ഏകീകരണത്തിന് ചാലകമായി വർത്തിച്ചത് ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനമാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണെങ്കിൽ കേരളീയതന്ത്രം ഭക്തിപ്രസ്ഥാനത്തിന്റെ ഒരു ഉപോത്പന്നമാണെന്ന് കൂടി പറയേണ്ടിവരും.

സ്വരൂപങ്ങളുടെ കാലത്താണ് കേരളീയമായൊരു ശൈലി ക്ഷേത്രനിർമ്മിതിയിലും ആരാധനയിലും വന്നുചേരുന്നത്. കാരണം, പന്ത്രണ്ടാം നൂറ്റാണ്ടിന് ശേഷമെഴുതപ്പെട്ട കേരളീയതാന്ത്രിക ഗ്രന്ഥങ്ങളിലാണ് ആഗമ-സംഹിതാപാരമ്പര്യങ്ങളിൽ നിന്ന് വേറിട്ടുനിൽക്കുന്ന ഒരു ദ്രാവിഡ ക്ഷേത്രവാസ്തുശൈലിയും ആരാധാനാ സമ്പ്രദായവും കാണപ്പെടുന്നത്. ക്ഷേത്രനിർമ്മാണത്തെക്കുറിച്ച് ഏറ്റവും പഴയ ശിലാലിഖിതം പതിമൂന്നാം നൂറ്റാണ്ടിൽ ചാത്തന്നൂർ ക്ഷേത്രത്തിൽ നിന്നും കണ്ടെടുത്തതാണ്. ഇതനുസരിച്ച് 'കൊല്ലവർഷം 446 ന് (പൊതുവർഷം 1271) ക്ഷേത്രനിർമ്മാണം തുടങ്ങി 448 ൽ (പൊതുവർഷം 1273) പണികഴിഞ്ഞ് കലശമാടി' എന്നാണ് കാണുന്നത് (Arya Nair, 2020: 158). ഇത് സൂചിപ്പിക്കുന്നത് പതിമൂന്നാം നൂറ്റാണ്ടാകുമ്പോഴേക്കും തന്നെ ക്ഷേത്രത്തിലെ താന്ത്രികാചാരങ്ങൾക്ക് പൂർണ്ണമായും കേരളീയമല്ലെങ്കിലും ഒരു നിയതമായ രൂപം കൈവന്നിരുന്നു എന്ന വസ്തുതയാണ്.

**ക്ഷേത്രാരാധനയുടെ പ്രാഗ്രൂപം: ചില നിരീക്ഷണങ്ങൾ**

ഇത്തരത്തിൽ സംഗ്രഹിക്കപ്പെട്ട താന്ത്രികവും ചരിത്രപരവുമായ പശ്ചാ

ത്തലത്തിലാണ് കേരളീയതന്ത്രത്തിൽ വന്ന പരിണാമങ്ങളേയും അതിൽ പിന്നീട് വന്നുചേർന്ന ശ്രദ്ധേയമായ ചില പ്രവണതകളേയും ഇവിടെ വിലയിരുത്താൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഗുഹാക്ഷേത്രങ്ങൾ പോലെയുള്ള മദ്ധ്യകാലപൂർവ്വ ആരാധനാ കേന്ദ്രങ്ങളിൽ എങ്ങനെയായിരുന്നു ആരാധന നടത്തിപ്പോന്നത് എന്നതിന് വ്യക്തമായ തെളിവുകളില്ല. എങ്കിലും ഊഹിക്കാവുന്നത് ശൈവക്ഷേത്രങ്ങളിൽ ഏതെങ്കിലും ആഗമമനുസരിച്ചോ വൈഷ്ണവ ക്ഷേത്രങ്ങളിൽ അതുപോലെത്തന്നെ ഏതെങ്കിലും സംഹിതയനുസരിച്ചോ ആയിരിക്കാമെന്നാണ്. ഒമ്പതാം നൂറ്റാണ്ടുമുതൽ ദ്രാവിഡശൈലിയിൽ കേരള ക്ഷേത്രങ്ങൾ നിർമ്മിക്കപ്പെട്ട് തുടങ്ങിയതായി പറയപ്പെടുന്നുണ്ട്. എങ്കിലും കേരളീയമായ സവിശേഷതകളുൾക്കൊള്ളുന്ന ഒരു ആരാധനാരീതി അക്കാലം മുതൽക്കുതന്നെ ഉരുത്തിരിഞ്ഞ് വന്നിരുന്നതായി തെളിയിക്കാൻ രേഖകളൊന്നുമില്ല. ശിലാലിഖിതങ്ങളിലും ഗ്രന്ഥവരികളിലുമൊക്കെ കാണുന്ന സൂചനകൾ അനുസരിച്ച് വളരെ ലഘുവായ ക്രിയകൾ മാത്രമേ ക്ഷേത്രങ്ങളിൽ അന്ന് നടത്തിവന്നിട്ടുള്ളൂ. നിത്യാനുഷ്ഠാനങ്ങളായ നൈവേദ്യം, പന്തീരടിപ്പൂജ, ശ്രീഭൂതബലി (പലി, പൂതപലി) എന്നീ ആചാരങ്ങളാണ് പ്രധാനമായി ക്ഷേത്രരേഖകളിൽ കാണുന്നത് (V.S., 2020:171-73). പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള തിരുനന്തിക്കര, അയിരാണിക്കുളം, ചോക്കൂർ, നെടുമ്പുറം തളി, അവിട്ടത്തൂർ, തിരുപ്പറങ്ങോട്ട്, പൊറങ്ങാട്ടിരി, പതുക്കോട്ട്, മൂഴിക്കുളം, തിരുക്കടിത്താനാം തുടങ്ങിയ ക്ഷേത്രരേഖകളിൽ നവീകരണം, പ്രതിഷ്ഠ തുടങ്ങിയ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ക്രിയാഭാഗങ്ങളെക്കുറിച്ച് പരാമർശങ്ങളേ ഇല്ല. തിരുവല്ലാ ഗ്രന്ഥവരിയിലാണ് (രണ്ടാം ഭാഗം, രേഖാകാലം പൊതുവർഷം 1558-1841) ഇവയുടെയൊക്കെ സൂചനകൾ (നായർ, 1999:13-27) ആദ്യമായി കാണുന്നത്. അതായത് തന്ത്രസമുച്ചയത്തിന് ശേഷമാണ് ഇന്ന് നാം കാണുന്നതുപോലെയുള്ള വിപുലമായ ഉത്സവ, നവീകരണ, ജീർണ്ണോദ്ധാര, ധ്വജപ്രതിഷ്ഠാ ചടങ്ങുകൾ ക്ഷേത്രങ്ങളിൽ ആചരിച്ചു കാണുന്നത് എന്നർത്ഥം.

ക്ഷേത്രാരാധനയുടെ പ്രാഗ്രൂപത്തെപ്പറ്റി തെളിവുനൽകുന്ന മറ്റൊരുകൂട്ടം ഉപാദാനങ്ങളാണ് കച്ചങ്ങൾ.കച്ചങ്ങളെന്നാൽ അംഗീകൃതമായ നിയമവ്യവസ്ഥിതികളെന്നാണ് സാമാന്യമായ അർത്ഥം. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വിശാലമായ കൃഷിഭൂമി കയ്യാളിയിരുന്ന ബ്രാഹ്മണ സഭകൾ രൂപം കൊടുത്ത നിയമാവലികളാണ് സാങ്കേതികാർത്ഥത്തിൽ കച്ചങ്ങൾ. മൂഴിക്കുളം കച്ചം, കടങ്കാട്ടുകച്ചം,[4] തവരന്തൂർക്കച്ചം,[5] കൈതവാരത്തു കച്ചം, ശങ്കരമംഗല

4. അവിട്ടത്തൂർ ക്ഷേത്രത്തിൽ പിന്തുടർന്നത് കടങ്കാട്ടുകച്ചമാണ് (രാമചന്ദ്രൻ, 2007: li)

5. തിരുപ്പറങ്ങോട്ട് രേഖ ശിവക്ഷേത്രം (പൊതുവർഷം 910) രേഖയിലാണ് ആദ്യമായി തവരന്തൂർക്കച്ചത്തെ പരാമർശിച്ചുകാണുന്നത്. ഇതേ രേഖയിലാണ് ആദ്യമയി ഗണപതിയും സപ്തമാതൃക്കളേയും പരാമർശിക്കുന്നതും. (രാമചന്ദ്രൻ, 2007: lii).

ത്തു കച്ചം, എന്നിങ്ങനെയാണ് ഇവയുടെ ഇന്നറിയാവുന്ന പേരുകൾ. ഇവയിൽ തവരന്നൂർ കച്ചം മാത്രമേ ഇതുവരെ കണ്ടെത്തിയിട്ടുള്ളൂ. ബാക്കിയുള്ളവയെക്കുറിച്ച് പരാമർശങ്ങൾ മാത്രമേ കാണാനുള്ളൂ. കച്ചങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പഴക്കം ചെന്നതുമായിരുന്നു മൂഴിക്കുളം കച്ചം. പത്ത്, പതിനൊന്ന് നൂറ്റാണ്ടുകളിലെ ചോക്കൂർ, പൊറങ്ങാട്ടിരി, തൃക്കാക്കര, തിരുനെല്ലി, തിരുവല്ല, ഏഴിമല, കവിയൂർ, തിരുനണ്ടൂർ തുടങ്ങിയ ക്ഷേത്രങ്ങളിലെ ശിലാലിഖിതങ്ങളിൽ മൂഴിക്കുളം കച്ചത്തെ പരാമർശിച്ചുകാണുന്നതിനാൽ കേരളത്തിലെ മുഴുവൻ ബ്രാഹ്മണഗ്രാമങ്ങളിലും ഇതനുസരിച്ചായിരുന്നു ഭരണം നിർവഹിക്കപ്പെട്ടതെന്ന് എം. ജി. എസ് നാരായണൻ സമർത്ഥിക്കുന്നുണ്ട് (Narayanan, 2013: 214-15). എന്നാൽ, പുതുശ്ശേരി രാമചന്ദ്രന്റെ അഭിപ്രായത്തിൽ മൂഴിക്കുളം കച്ചം വൈഷ്ണവക്ഷേത്രങ്ങൾക്കുമാത്രമാണ് ബാധകമായിരുന്നത്. ശൈവക്ഷേത്രങ്ങൾ പിന്തുടർന്നത് തവരന്നൂർ കച്ചത്തെയാണ് (രാമചന്ദ്രൻ, 2007: lii). വിവിധയിനം ദാനങ്ങൾ നിർവ്വഹിക്കുന്നതിനുള്ള നിയമവ്യവസ്ഥിതികൾ, നിയമം ലംഘിക്കപ്പെട്ടാൽ നടപ്പാക്കേണ്ടതായ ശിക്ഷാവിധികൾ, ക്ഷേത്രങ്ങളിലെ നിത്യാനുഷ്ഠാനം എന്നിവയൊക്കെയാണ് കച്ചങ്ങളിലെ പ്രധാന പ്രമേയങ്ങൾ. ക്ഷേത്രങ്ങളിലെ നിത്യാനുഷ്ഠാനങ്ങളും കച്ചങ്ങളിലെ വിഷയമായിരുന്നതിനാൽ ഇത് ഏതെങ്കിലും ഗ്രന്ഥത്തിനനുസരിച്ചോ അല്ലെങ്കിൽ ക്ഷേത്രാധികാരിയായ തന്ത്രി തീരുമാനിക്കുന്നതിന് അനുസരിച്ചോ ആയിരുന്നില്ല നടപ്പിലാക്കിയതെന്നും വ്യക്തമാകുന്നു. പെരുമാൾ വാഴ്ച്ചക്കാലത്തും മദ്ധ്യകാലഘട്ടത്തിലും ഇന്ന് നാം കാണുന്നതുപോലെ ക്ഷേത്രങ്ങളുടെ പരമാധികാരം ഏതെങ്കിലും താന്ത്രികകുടുംബത്തിൽ നിക്ഷിപ്തമായിരുന്നില്ല എന്നും അനുമാനിക്കേണ്ടിവരും. ഇതിന് തെളിവായി ചൂണ്ടിക്കാണിക്കാവുന്നത് മദ്ധ്യകാലഘട്ടം വരെയുള്ള ക്ഷേത്രരേഖകളിലൊന്നിലും ഏതെങ്കിലും തന്ത്രിയുടെ പേരോ തന്ത്രികുടുംബത്തിന്റെ പേരോ സൂചിപ്പിച്ചു കാണുന്നില്ല എന്ന വസ്തുതയാണ്.

മദ്ധ്യകാലഘട്ടത്തിലോ അതിന് ശേഷമോ ആവാം കേരളതന്ത്രം കുടുംബപാരമ്പര്യങ്ങളിലേക്ക് നിജപ്പെട്ട് വഴിമാറുന്നത്. അതായത്, കച്ചങ്ങളിൽ നിന്നും താന്ത്രികകുടുംബപാരമ്പര്യങ്ങളിലേക്കുള്ള ആരാധനാ നടപടികളുടെയും അവകാശത്തിന്റേയും പകർച്ചയാണ് നാടുവാഴി സ്വരൂപകാലത്തിന്റെ പ്രത്യേകതളിൽ ഒന്ന്. ഈ കുടുംബപാരമ്പര്യങ്ങളെ രാജാക്കന്മാർ പിന്താങ്ങിയിരുന്നതായും കാണാം. ചിറക്കൽ രാജവംശത്തിലെ ക്ഷേത്രങ്ങളുടെ തന്ത്രികാവകാശം കാട്ടുമാടം ഇല്ലക്കാർക്കാണ്. അതുപോലെ വള്ളുവക്കോനാതിരിയുടെ തന്ത്രിമാരാണ് ചെങ്ങണാം കുന്നത്ത് നമ്പൂതിരി, അഥവാ കല്ലൂർ നമ്പൂതിരിപ്പാട് (രാജേന്ദു, 2016: 25). സാമൂതിരിയുടെ തന്ത്രിമാരായിരുന്നു ചേന്നാസ് കുടുംബത്തിൽ പെട്ടവർ (Ayyar, 1938: 21).

## കേരളീയതന്ത്രഗ്രന്ഥ പാരമ്പര്യം

കേരളീയതന്ത്രഗ്രന്ഥങ്ങളിൽ ഒരു നാഴികക്കല്ലായി കണക്കാക്കപ്പെടുന്നത് സാമൂതിരിയുടെ പതിനെട്ടരക്കവികളിൽ ഒരാളായിരുന്ന ചേന്നാസ് നാരാണൻ നമ്പൂതിരിയാൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ എഴുതപ്പെട്ട തന്ത്രസമുച്ചയമാണ്. ഇതിനെ പ്രധാനമായി കണക്കാക്കി കേരളീയതന്ത്രഗ്രന്ഥങ്ങളെ മുഴുവനായും തന്ത്രസമുച്ചയപൂർവ്വഗ്രന്ഥങ്ങളെന്നും തന്ത്രസമുച്ചയാനന്തരഗ്രന്ഥങ്ങളെന്നും രണ്ടായിത്തിരിക്കാം. ഇവയിൽ ചുരുക്കം ചില ഗ്രന്ഥങ്ങളുടെ രചനാകാലം മാത്രമേ കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളൂ. ബാക്കി പലതിനെക്കുറിച്ചുമുള്ളത് അഭ്യൂഹങ്ങൾ മാത്രമാണ്. മാത്രവുമല്ല, ഇവയിലൊന്നിന്റേയും തന്നെ കൃത്യമായ പാഠനിർണ്ണയവും നടത്തപ്പെട്ടിട്ടില്ല. കേരളത്തിലങ്ങോളമിങ്ങോളം ഇവയുടെയെല്ലാം താളിയോല ഗ്രന്ഥങ്ങൾ കിട്ടാനുണ്ടെങ്കിലും ആരും ഇതുവരെ പാഠനിർണ്ണയമെന്ന സാഹസത്തിന് മുതിർന്നിട്ടില്ല. കാലനിർണ്ണയവും പാഠനിർണ്ണയവും ചെയ്യപ്പെടാത്തതിനാൽതന്നെ ചരിത്രപരമായി ഇവയെ കൃത്യമായി അടയാളപ്പെടുത്താൻ സാധിക്കുകയില്ല. എങ്കിലും, ഈ ദിശയിൽ ചില ശ്രമങ്ങൾ നടത്തിയാലേ കേരളതന്ത്രത്തെക്കുറിച്ച് സാമാന്യമായൊരു ധാരണയുണ്ടാക്കാൻ സാധിക്കൂ. അത്തരമൊരു ശ്രമത്തിന്റെ ഭാഗം കൂടി ആണ് ഈ ലേഖനം.

കേരളത്തിലെ ആദ്യത്തെ ക്ഷേത്രതന്ത്രഗ്രന്ഥം പതിനൊന്നാം നൂറ്റാണ്ടിൽ ശിവപുരമെന്ന ഗ്രാമത്തിൽ വസിച്ചിരുന്ന രവിയെന്ന ആചാര്യനെഴുതിയ ശൈവാരാധനാപരമായ പ്രയോഗമഞ്ജരിയാണ്. ഇദ്ദേഹം ബഹുയാജിയും സോമപാനത്താൽ പരിശുദ്ധനുമായിരുന്നെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നു.[6] തുടർന്നിങ്ങോട്ട് ഇക്കാലം വരെ ധാരാളം സ്വതന്ത്രവും വ്യാഖ്യാനപരവുമായ ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അവയുടെയെല്ലാം തന്നെ വിവരവും പ്രത്യേകതകളും ഇവിടെ നൽകുന്നതിൽ സാംഗത്യമില്ലാത്തതിനാൽ കാലാന്തരത്തിൽ മാറ്റങ്ങൾക്ക് വിധേയമായ ചുരുക്കം ചില

6. ശിവപുരസദ്ഗ്രാമഭുവാ വിദ്ധ്യർപ്പിതസോമപാനശുദ്ധേന
കാശ്യപഗോത്രപ്രഭുണാ മാഠരകുലാബ്ജവനഹംസേന
ചമ്പാതടാകമനോഹരതീരാരാമസ്ഥശാസ്തൃഗുപ്തേന
പ്രഥിതഭവത്രാതകുലധ്വജഭ്രൂതേനാഷ്ടമൂർത്തിഭുവാ
രവിണാ ഹരപാദാബ്ജഭൃങ്കേണ രചിതാ കൃതിഃ [പ്രയോഗമഞ്ജരി, 21: 95]

ശിവപുരം (ചോകിരം) എന്ന ഗ്രാമത്തിൽ ജനിച്ചവനും വിധിയാംവണ്ണമർപ്പിക്കപ്പെട്ട സോമപാനത്താൽ പരിശുദ്ധനായവനും കശ്യപഗോത്രക്കാരനും മാഠരകുലമാകുന്ന താമരപ്പൊയ്കയിലെ ഹംസമായവനും ചമ്പാതടാകത്തിന്റെ (ചമ്പാക്കുളം)മനോഹരമായ തീരത്തുള്ള പൂന്തോട്ടത്തിൽ സ്ഥിതി ചെയ്യുന്നവനുമായ ശാസ്താവിനാൽ രക്ഷിക്കപ്പെട്ടവനും പ്രഥിതനായ ഭവത്രാതൻ കുലധ്വജനായിട്ടുള്ളവനും (പിതാമഹൻ) അഷ്ടമൂർത്തിയിലൂണ്ടായവനും ശിവപാദമാകുന്ന താമരയിലെ വണ്ടായവനുമായ രവിയാൽ എഴുതപ്പെട്ടതാണ് ഈ കൃതി).

ആചാരാനുഷ്ഠാനങ്ങളെ മാത്രം ഇവിടെ വിശകലനം ചെയ്യുന്നു. തന്ത്രസമുച്ചയപൂർവ്വഗ്രന്ഥങ്ങളിൽ പ്രയോഗമഞ്ജരിക്ക് ശേഷം വരുന്നവയാണ് മുരാരിഭട്ടന്റെ ശൈവാഗമനിബന്ധനം, ഈശാനശിവഗുരുവിന്റെ ഈശാനശിവഗുരുദേവപദ്ധതി, വിഷ്ണുസംഹിത, നാരായണാത്മകം, നന്ദിയുടെ പാശുപതം, മാതൃസദ്ഭാവം, രവിയുടെ ക്രിയാസാരം തുടങ്ങിയവ. പൊതുവർഷം പതിനൊന്നാം നൂറ്റാണ്ടുമുതൽ പതിനഞ്ചാം നൂറ്റാണ്ട് വരെയാണ് ഈ ഗ്രന്ഥങ്ങളുടെ രചനാകാലഘട്ടമെന്ന് വിശ്വസിക്കപ്പെടുന്നു. ക്രിയാസാരത്തിന് ശേഷം വരുന്ന തന്ത്രഗ്രന്ഥമാണ് തന്ത്രസമുച്ചയം. ഇതോടെ കേരളീയതന്ത്രത്തിന് നിയതമായ ഒരു രൂപം കൈവരുന്നു. പിന്നീട് വരുന്ന തന്ത്രഗ്രന്ഥങ്ങളൊക്കെ പിന്തുടരുന്നത് തന്ത്രസമുച്ചയത്തെയാണ്. മാത്രവുമല്ല തന്ത്രസമുച്ചയത്തിന് ശേഷം സ്വതന്ത്രഗ്രന്ഥങ്ങളുടെ രചനകളൊന്നും അധികമുണ്ടായിട്ടില്ല.

തന്ത്രസമുച്ചയാനന്തരകാലഘട്ടം പ്രധാനമായും അനുഷ്ഠാനഗ്രന്ഥങ്ങളുടെ കാലഘട്ടമാണ്. 'അനുഷ്ഠാനം' എന്നത് പേര് സൂചിപ്പിക്കുന്നത് പോലെ ചില താന്ത്രികപാരമ്പര്യമുള്ള ബ്രാഹ്മണ ഇല്ലങ്ങളിൽ പെടുന്ന ആചാര്യന്മാർ അഥവാ തന്ത്രികൾ അനുഷ്ഠിക്കുന്ന ആരാധനാ പദ്ധതിയാണ്. ഇത്തരമൊരു കുടുംബപാരമ്പര്യത്തിന് മുൻതൂക്കം തന്ത്രസമുച്ചയപൂർവ്വകാലഘട്ടങ്ങളിൽ വരുന്നതായിക്കാണുന്നില്ല. ഇതിന്റെ തെളിവാണ് അക്കാലത്ത് എഴുതപ്പെട്ട ഗ്രന്ഥങ്ങൾക്കൊന്നും ബ്രാഹ്മണഗൃഹങ്ങളുടെ പേരുകൾ വിശേഷണമായി വരുന്നില്ല എന്നത്. എന്നാൽ, തന്ത്രസമുച്ചയാനന്തരകാലഘട്ടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പൂന്തോട്ടത്ത് പുടയൂർ വാസുദേവൻ നമ്പൂതിരിയുടെ പുടയൂർഭാഷ, പരമേശ്വരാനുഷ്ഠാനം (പതിനഞ്ചാം നൂറ്റാണ്ട്), കറുത്തപാറ നാരായണൻ നമ്പൂതിരിയുടെ കറുത്തപാറാനുഷ്ഠാനം, തൊഴവാന്നൂർ നാരായണൻ നമ്പൂതിരിയുടെ തൊഴവാന്നൂരനുഷ്ഠാനം (പതിനേഴാം നൂറ്റാണ്ട്), കൈനിക്കരപ്പച്ച, കുഴിക്കാട്ട് ശങ്കരൻ ഭട്ടതിരിയുടെ കുഴിക്കാട്ടുപച്ച എന്നിവയുടെ പ്രധാനശീർഷകമായി ഒന്നുകിൽ ഗ്രന്ഥകാരന്റെ പേരോ അല്ലെങ്കിൽ ഇല്ലപ്പേരോ ആണ് കൊടുത്തുകാണുന്നത്. ഇത് തന്ത്രം കുടുംബപാരമ്പര്യത്തിന് വഴിമാറുന്നതിന്റെ തെളിവായി കണക്കാക്കാവുന്നതാണ്.

ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടുന്ന ഒരു കാര്യമെന്തെന്നാൽ പ്രയോഗമഞ്ജരിയിൽ തന്നെ കുടുംബപാരമ്പര്യത്തിന്റെ ശക്തമായ സൂചനകൾ കാണാമെന്നുള്ളതാണ്. ഗ്രന്ഥത്തിലെ പതിനാറാം പടലത്തിൽ സദാശിവന്റെ പൂജാവിവരണത്തിന് ശേഷം ഈ രഹസ്യവിദ്യ ദീക്ഷിതനായ സ്വപുത്രന് പറഞ്ഞുകൊടുക്കണമെന്ന് ഗ്രന്ഥകാരൻ ഉറപ്പിച്ച് പറയുന്നതായിക്കാണാം.[7] മാ

7. ഇദം രഹസ്യമാഖ്യാതം യജനം സർവ്വകാമികം
ഭുക്തിമുക്തിപ്രദം ദിവ്യം നാപുത്രായ നിവേദയേത് [പ്രയോഗമഞ്ജരി, 16: 90]
ദീക്ഷിതായ സ്വപുത്രായ ശിഷ്യായ വിജിതാത്മനേ

ത്രുവുമല്ല, പുത്രനല്ലാത്തയാൾക്ക് പറഞ്ഞുകൊടുക്കരുതെന്ന് അടിവരയിട്ട് പറയുകയും ചെയ്യുന്നു. അതായത്, കേരളീയതന്ത്രത്തിൽ തുടക്കം മുതൽക്കുതന്നെ പിതൃപുത്രബന്ധം വഴി വേണം പാരമ്പര്യത്തിന്റെ പകർച്ചയെന്ന ഒരു നിലപാട് ഇതിന്റെ ആചാര്യന്മാർക്ക് ഉണ്ടായിരുന്നതായിക്കാണാം. തന്ത്രത്തിന്റെ ബൃഹത്, ലഘുപാരമ്പര്യങ്ങളിലാവട്ടെ ഗുരു,ശിഷ്യ ബന്ധത്തിനാണ് ഊന്നൽ നൽകുന്നത്. അവിടെ ശിഷ്യൻ പുത്രൻ ആവണം എന്നില്ലതാനും. മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളിൽ പുടയൂർഭാഷ തന്ത്രസമുച്ചയത്തിന് ഒരു നൂറ്റാണ്ട് മുമ്പ് എഴുതപ്പെട്ടതാണെന്ന് കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ വാദിക്കുന്നുണ്ടെങ്കിലും[8] തന്ത്രസമുച്ചയാനന്തരമുള്ള കുറുത്തപാറാനുഷ്ഠാനത്തിലും കൈനിക്കരപ്പച്ചയിലുമാണ് പുടയൂർഭാഷയെക്കുറിച്ചുള്ള പരാമർശങ്ങൾ കാണുന്നത്. പക്ഷേ, ഈ പരാമർശങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ തന്ത്രസമുച്ചയത്തിന് ശേഷം വരുന്നതാണിതെന്ന് സമർത്ഥിക്കാനാവില്ല.

തന്ത്രസമുച്ചയാനന്തരകാലഘട്ടത്തിൽ എഴുതപ്പെട്ടതായി കരുതപ്പെടുന്ന മറ്റ് ഗ്രന്ഥങ്ങളാണ് ഭദ്രപദം,[9] ചേന്നാസ് ശങ്കരൻ നമ്പൂതിരിയുടെ ശേഷസമുച്ചയം (പൊതുവർഷം പതിനഞ്ചാം നൂറ്റാണ്ട്), കുഴിക്കാട്ട് ശങ്കരൻ നമ്പൂതിരിയുടെ ക്രിയാസംഗ്രഹം (പൊതുവർഷം പതിനേഴാം നൂറ്റാണ്ട്), കലശചന്ദ്രിക, രുരുജിദ്വിധാനം, തന്ത്രശേഷക്രിയാനുഷ്ഠാനം, ശിവാനുഷ്ഠാനം, നീലകണ്ഠൻ നമ്പൂതിരിയുടെ ക്രിയാലേശസ്മൃതി, തന്ത്രപ്രായശ്ചിത്തം, മംഗലപ്പിള്ളി ശങ്കരൻ നമ്പൂതിരിപ്പാടിന്റെ തന്ത്രദർപ്പണം, ശ്രീപുരം പബ്ലിക്കേഷൻസ് പുറത്തിറക്കിയ കേരളീയക്ഷേത്രതന്ത്രക്രിയാപദ്ധതി, ശേഷസമുച്ചയക്രിയാപദ്ധതി എന്നിവ. തന്ത്രസമുച്ചയത്തിന് മുമ്പുള്ള ഗ്രന്ഥപരമ്പരയെ മനസ്സിലാക്കാൻ ഏറ്റവും സഹായകമായതാണ് കൈനിക്കര കൃഷ്ണൻ നമ്പൂതിരി എഴുതിയ തന്ത്രസമുച്ചയത്തിന്റെ വിവരണം എന്ന വ്യാഖ്യാനം. ഇതിൽ വ്യാഖ്യാകാരൻ പേരു പറയാതെ ഒട്ടനവധി ഗ്രന്ഥങ്ങളിൽ നിന്നും ശ്ലോകങ്ങൾ ഉദ്ധരിക്കുന്നുണ്ട്. ഇവ കൃത്യമായി പിന്തുടരാൻ സാധിച്ചാൽ തന്ത്രസമുച്ചയത്തിന് മുമ്പുണ്ടായിരുന്ന ഗ്രന്ഥങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കും. അതുപോലെത്തന്നെ പ്രയോഗമഞ്ജരി, വിഷ്ണുസംഹിത, ക്രിയാസാരം, ശേഷസമുച്ചയം എന്നിവയ്ക്കും വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്.[10] കേരളീയതന്ത്രത്തെക്കുറിച്ച്

പ്രിയായ ശർവ്വഭക്തായ സ്വാന്തകാലേ നിവേദയേത് [പ്രയോഗമഞ്ജരി, 16: 91]

8.ക്രിയാദീപിക എന്ന പുടയൂർ ഭാഷ, പ്രസ്താവന: 3.

9. ഭദ്രപദവും ശേഷസമുച്ചയവും ഏതാണ്ട് ഒരേ കാലത്ത് എഴുതപ്പെട്ടതാവാം. തന്ത്രസമുച്ചയത്തിലെ ശ്ലോകങ്ങളുടെ ശൈലി ഭദ്രപദത്തിൽ പിന്തുടർന്ന് കാണുന്നു എന്നതിനാൽ സമുച്ചയാനന്തരം എഴുതപ്പെട്ടതാണിതെന്ന് ഉറപ്പിക്കാം. ശേഷസമുച്ചയത്തിലെ 2: 52, 3: 73 ശ്ലോകങ്ങൾ വ്യാഖ്യാനിക്കുന്ന സമയത്ത് ഗ്രന്ഥകർത്താവും വ്യാഖ്യാതാവുമായ ചേന്നാസ് ശങ്കരൻ നമ്പൂതിരി ഭദ്രപദത്തിൽ നിന്നും രണ്ട് ശ്ലോകങ്ങൾ പേരെടുത്ത് പരാമർശിച്ച് ഉദ്ധരിക്കുന്നുണ്ട്. ഇതിനാൽ തന്നെ ശേഷസമുച്ചയത്തിന് മുൻപ് ഭദ്രപദം എഴുതപ്പെട്ടിട്ടുണ്ടെന്നും കരുതാം.

കൃത്യമായൊരു ചിത്രം നിർമ്മിക്കണമെങ്കിൽ ഇവയിലൂടെയും കടന്നുപോകേണ്ടിയിരിക്കുന്നു. ദൗർഭാഗ്യവശാൽ ഇതിനൊന്നും ആരും ഇന്നേവരെ തുനിഞ്ഞിട്ടില്ല. (തുടരും)

10. പ്രയോഗമഞ്ജരിക്ക് ത്രിവിക്രമൻ എന്ന കേരളീയനായ ഒരാൾ എഴുതിയ വ്യാഖ്യാനമാണ് പ്രദ്യോതം. ഇദ്ദേഹത്തിന്റെ കാലം കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല. ഇദ്ദേഹത്തിന്റേതായി രണ്ട് ഗ്രന്ഥങ്ങൾ വേറെയുമുണ്ട്. പ്രപഞ്ചസാരത്തിന്റെ വിജ്ഞാനദ്യോതിനി എന്ന വ്യാഖ്യാനവും, വിദ്യാചന്ദ്രിക എന്ന വേറൊരു സ്വതന്ത്ര കൃതിയും. വിഷ്ണുസംഹിതയ്ക്ക് പുലിയന്നൂർ നാരായണൻ നമ്പൂതിരി എഴുതിയ ഹാരിണി നാഗസ്വാമി എഴുതിയ തത്വപ്രദീപിക എന്നിങ്ങനെ രണ്ട് വ്യാഖ്യാനങ്ങളുണ്ട്. ഹാരിണി വ്യാഖ്യാതാവായ നാരായണൻ നമ്പൂതിരി ക്രിയാസാരത്തിന് പ്രകാശിനീ എന്നൊരു വ്യാഖ്യാനവുമെഴുതിയിട്ടുണ്ട്. തന്ത്രസമുച്ചയത്തിന് ഗ്രന്ഥകർത്താവിന്റെ മകനും ശിഷ്യനുമായ ചേന്നാസ് ശങ്കരൻ നമ്പൂതിരി എഴുതിയ വിമർശിനീ എന്ന വ്യാഖ്യാനവും അദ്ദേഹത്തിന്റെ തന്നെ വേറൊരു ശിഷ്യനായ കൈനിക്കര ശങ്കരൻ നമ്പൂതിരി എഴുതിയ വിവരണം എന്നൊരു വ്യാഖ്യാനവും ഉണ്ട്. ഇവയെല്ലാം തന്നെ സംസ്കൃതത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഇവ കൂടാതെ പുടയൂർ ഇല്ലത്തെ ആരോ ഒരാൾ എഴുതിയ ബാലപ്രബോധിനി എന്ന വ്യാഖ്യാനവും കുഴിക്കാട്ട് മഹേശ്വരൻ ഭട്ടതിരി (പൊതുവർഷം 1795-1865) എഴുതിയ ഒരു വ്യാഖ്യാനവും മലയാളഭാഷയിൽ ഉണ്ട്. ഇദ്ദേഹം തന്നെ ശേഷസമുച്ചയത്തിനും ഒരു വ്യാഖ്യാനമെഴുതിയിട്ടുണ്ട്.

**ഔഷധസസ്യങ്ങൾ – 44**

# തഗരം

**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

ആയുർവ്വേദത്തിലെ അതിപ്രശസ്തവും പ്രയോജനപ്രദവുമായ ഒരു വിഷഹരദ്രവ്യമാണ് തഗരം. പ്രാണനെഹനിയ്ക്കുന്നത് ഗരം അഥവാ വിഷം അതിനെ ഇല്ലായ്മചെയ്യുന്നത് തഗരം. അപസ്മാരം പോലുള്ള രോഗങ്ങൾക്കും ഇത് കൈകണ്ട ഔഷധമാണ്.

വലേറിയനേസി കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം വലേറിയാനാ ജടാമാൻസി എന്നാണ്. സംസ്കൃതത്തിൽ കാലാനുസാരകം, രാജഹർഷണം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. വേരാണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നത്. സ്നിഗ്ധവും, ഉഷ്ണവീര്യപ്രധാനവുമായ ഈ ഔഷധം വാതപിത്തകഫ ത്രിദോഷങ്ങളേയും സമരസപ്പെടുത്തുവാൻ സഹായിയ്ക്കുന്നു. തലവേദന, നേത്രരോഗങ്ങൾ, അപസ്മാരസംബന്ധമായ അസുഖങ്ങൾ, ഭൂത-ബാധപോലുള്ള രോഗങ്ങൾ തുടങ്ങിയവ സുഖപ്പെടുത്തുന്നു. നാഡീസംബന്ധമായ വൈകല്യങ്ങൾ കൊണ്ടുണ്ടാകുന്ന ക്ഷീണം, ഉറക്കമില്ലായ്മ ഇവ അകറ്റാനും വ്രണം, ആമവാതം എന്നിവ ശമിപ്പിയ്ക്കാനും ഇതിന് കഴിവുണ്ട്.

തകർവേര് ഉണക്കിപ്പൊടിച്ച് പഴകിയ വ്രണത്തിൽ വിതറിയാൽ പെട്ടെന്ന് ഉണങ്ങും. കൂടാതെ ഇതുതന്നെ വിഷജന്തുക്കൾ കടിച്ചുണ്ടാകുന്ന നീരും, വേദനയും മറ്റ് അസ്വസ്ഥതകളും ഇല്ലായ്മ ചെയ്യാനും ഉപകരിയ്ക്കുന്നു. തകരവേര് പച്ചയോ ഉണങ്ങിയതോ നല്ലപോലെ പൊടിച്ച് അരച്ചെടുത്ത് ലേപമാക്കി പുറമെ പുരട്ടിയാൽ ആമവാതം, സന്ധിവാതം എന്നിവകൊണ്ടനുഭവപ്പെടുന്ന നീരും, വേദനയും മാറും.

ദ്രാക്ഷാരാമസ്യ മദ്ധ്യേ സ്ഫടികമണിമയേ മണ്ഡപേ ചിത്രരമ്യേ
പുഷ്പസ്രഗ്ധൂപദീപൈർബഹളപരിമളേ ചർച്ചിതേ ചന്ദനാദ്യൈഃ
വാദ്യൈർഗീതൈഃ സനൃത്യൈഃ സതതമുഖരിതേ യോഗിനീസിദ്ധസംഘൈ-
രാകീർണ്ണേ സ്വർണ്ണപീഠേ മൃദുലിമതലേ ബദ്ധമുക്താവിതാനേ
ആസീനഃ ക്ഷേമരാജപ്രഭൃതിരഖിലൈഃ സേവിതഃ ശിഷ്യവർഗ്ഗൈഃ
പാദോപാന്തേ നിഷണ്ണൈരവഹിതഹൃദയൈരുക്തമുക്തം ലിഖദ്ഭിഃ
ദ്വാഭ്യാം പാർശ്വസ്ഥിതാഭ്യാം ശിവരസകരകം പൂർണ്ണതാംബൂലപേടീം
ദൂതീഭ്യാം ബിഭ്രതീഭ്യാമപരകരലസന്മാതുലിംഗോത്പലാഭ്യാം
ആനന്ദാന്ദോളിതാക്ഷഃ സ്ഫുടകൃതതിലകോ ഭസ്മനാ ഭാലമദ്ധ്യേ
രുദ്രാക്ഷോല്ലാസികർണ്ണഃ കലിതകചഭരോ മാലയാലംബകൂർച്ചഃ
രക്താംഗോ യക്ഷപങ്കോല്ലസദസിതഗളോ ലംബമുക്തോപവീതഃ
ക്ഷൌമം വാസോ വസാനഃ ശശികരധവളം വീരയോഗാസനസ്ഥഃ
ജാന്വാസക്തൈകഹസ്തഃ സ്ഫുടപരമശിവജ്ഞാനമുദ്രാക്ഷസൂത്രോ
വാമശ്രീപാണിപദ്മസ്ഫുരിതനഖമുഖൈർവ്വാദയന്നാദവീണാം
ശ്രീകണ്ഠേശാവതാരഃ പരമകരുണയാ പ്രാപ്തകാശ്മീരദേശഃ
ശ്രീമാന്നഃ പാതു സാക്ഷാദഭിനവപുഷാ ദക്ഷിണാമൂർത്തിദേവഃ



RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

*Scan the QR code for free download*

ISSN:2583-2484